**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 994** **10-08-2023 - ൽ മറുപടിയ്ക്ക്**

**മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യവകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭയുടെ അംഗീകാരത്തോടെ വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ/ പ്രവർത്തനങ്ങൾ/ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നുവെന്ന് അറിയിക്കാമോ; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾ/ പ്രവർത്തനങ്ങൾ/ തീരുമാനങ്ങൾ നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായിയെന്ന് വ്യക്തമാക്കാമോ? | (സി) | അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

1. 12.01.2022 തീയതിയിലെ ഇനം നമ്പർ 488 മന്ത്രിസഭാ തീരുമാനം പ്രകാരം, വനം വന്യജീവി വകുപ്പിൽ ദിവസകൂലി വ്യവസ്ഥയിൽ പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ, പാമ്പ്കടിയേറ്റതിനെ തുടർന്ന് മരണപ്പെട്ട ശ്രീ. രാജേഷ്.എം-ന്റെ ഭാര്യ **ശ്രീമതി. രേഖ രാജേഷിന്,** ഒരു പ്രത്യേക കേസായി പരിഗണിച്ച്, വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ 23,000-50,200/-രൂപ ശമ്പള സ്കെയിലിൽ വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിര നിയമനം നൽകി **17.01.2022** തീയതിയിലെ **സ.ഉ(കൈ)നം.5/2022/വനം** പ്രകാരം ഉത്തരവായിട്ടുണ്ട്.
2. 27.07.2022 തീയതിയിലെ ഇനം നമ്പർ 948 മന്ത്രിസഭാ തീരുമാനം പ്രകാരം വനം വകുപ്പിൽ, കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) **ശ്രീ. പി. കെ. സുധാകരന്** തന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് കാഞ്ഞിരപ്പള്ളി മേരികീൻസ് മിഷൻ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിരിക്കുന്ന 1,07,564/- [ഒരു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി അറുപത്തിനാല്] രൂപയുടെ 80%, ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച്, **30.07.2022** തീയതിയിലെ **സ.ഉ(കൈ)നം.43/2022/വനം** നമ്പർ പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.
3. 06.07.2022 -ലെ മന്ത്രി സഭാ യോഗത്തിലെ ഇനം നം. 904 മന്ത്രി സഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് **ശ്രീ. സുര കെ എം** -ന് ടിയാന്റെ അമ്മയുടെ ചികിത്സയ്ക്കായി കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയിൽ ചെലവാക്കിയ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ/ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിക്കുന്ന തുകയുടെ 80%, ഇതൊരു പ്രത്യേക കേസായി പരിഗണിച്ചു, പ്രതിപൂരണം ചെയ്തു നൽകുന്നതിന് **08.07.2022** തീയതിയിലെ **സ.ഉ(കൈ)നം.39/2022/വനം** നമ്പർ പ്രകാരം പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.
4. 29.06.2022 തീയതിയിലെ ഇനം നമ്പർ 886 മന്ത്രി സഭാ യോഗ തീരുമാന പ്രകാരം, വനം വന്യജീവി വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി സേവനത്തിലിരിക്കെ അന്തരിച്ച വിവേകാനന്ദന്റെ മകളായ **കുമാരി.ആതിര.എൻ.വി.യ്ക്ക്** സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ക്ലർക്കായി നിയമനം നൽകുന്നതിന് അനുമതി നൽകി **01.07.2022** ലെ **സ.ഉ.(കൈ) 36/2022/വനം** പ്രകാരം ഉത്തരവായിട്ടുണ്ട്.
5. 31.08.2022 തീയതിയിലെ ഇനം നമ്പർ 1022 മന്ത്രിസഭായോഗ തീരുമാന പ്രകാരം, ചിന്നാർ വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട നാഗരാജിന്റെ

ഭാര്യയായ **ശ്രീമതി ചിത്രാ ദേവിയ്ക്ക്** വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നതിന് അനുമതി നൽകി **01.09.2022** ലെ **സ.ഉ. (കൈ) 46/2022/വനം** പ്രകാരം ഉത്തരവായിട്ടുണ്ട്.

6. 31.08.2022 തീയതിയിലെ ഇനം നമ്പർ 1023-ാം നമ്പർ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം വനം വന്യജീവി വകുപ്പിൽ കാട്ടുതീ അണയ്ക്കുന്നതിനിടയിൽ മരണപ്പെട്ട പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷനിലെ താൽക്കാലിക വാച്ചർമാരായ വേലായുധൻ എ. കെ.യുടെ മകൻ **ശ്രീ. സുബീഷ്. കെ.വി.**യ്ക്ക് വാച്ചർ തസ്തികയിലും, ശങ്കരൻ വി. എ. യുടെ മകൻ ശ്രീ. ശരത്ത് വി.എസ്-ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലും സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നതിന് അനുമതി നൽകി **03.09.2022** ലെ **സ.ഉ.(കൈ)47/2022/വനം** പ്രകാരം ഉത്തരവായിട്ടുണ്ട്.
7. 24.05.2023 തീയതിയിലെ ഇനം നമ്പർ 1519 മന്ത്രിസഭാ യോഗ തീരുമാന പ്രകാരം, വനം വന്യജീവി വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ വാച്ചർ ആയി ജോലി ചെയ്യവേ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ബി.ബൊമ്മന്റെ മകനായ **ശ്രീ. ജയരാജൻ.ബി യ്ക്ക്**, ട്രൈബൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ട്ടിച്ച്, സ്ഥിരനിയമനം നൽകുന്നതിന് അനുമതി നൽകി **02.06.2023** ലെ **സ.ഉ. (കൈ) 12/2023/വനം** പ്രകാരം ഉത്തരവായിട്ടുണ്ട്.
8. 22.09.2022 തീയതിയിലെ ഇനം നം.1050 മന്ത്രിസഭാ യോഗ തീരുമാനപ്രകാരം **കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (KPPL)** ന് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുമ്പോൾ ഈടാക്കേണ്ട വില ഒരു മെട്രിക് ടണ്ണിന് 1000/- രൂപ നിരക്കിൽ എന്നത് ഒരു മെട്രിക് ടണ്ണിന് 500/- രൂപ നിരക്കിൽ എന്ന ഭേദഗതി വരുത്തി **03.11.2022** തീയതിയിലെ **സ.ഉ.(സാധാ)നം.468/2022/വനം** പ്രകാരം ഉത്തരവായിട്ടുണ്ട്.

# അനുബന്ധം III

1. 17.01.2022 തീയതിയിലെ സ.ഉ(കൈ) നം.5/2022/വനം ഉത്തരവ് പ്രകാരം വാച്ചർ തസ്തികയിൽ നിയമിതയായ ശ്രീമതി.രേഖ രാജേഷിന് നാളിതുവരെ ശമ്പള ഇനത്തിൽ 4,85,564/- രൂപ നൽകിയിട്ടുണ്ട്.

2. 30.07.2022 തീയതിയിലെ സ.ഉ(കൈ) നം.43/2022/വനം ഉത്തരവ് ശ്രീ.പി.കെ സുധാകരന് 75,500/-രൂപ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ നൽകിയിട്ടുണ്ട്.

3. ശ്രീ.സുര.കെ.എം ന് ടിയാന്റെ അമ്മയുടെ ചികിത്സയ്ക്കായി കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയിൽ ചെലവാക്കിയ 1,35,325/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ/ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിട്ടുള്ള തുകയുടെ 80%, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് പ്രതിപൂരണം ചെയ്തു നൽകുന്നതിന് 08.07.2022 തീയതിയിലെ സ.ഉ(കൈ) നം.39/2022/വനം പ്രകാരം ഉത്തരവായെങ്കിലും നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല.

4. കുമാരി.ആതിര.എൻ.വി.യ്ക്ക് കൊല്ലം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് 01.07.2022 ലെ സ.ഉ.(കൈ) 36/2022/വനം പ്രകാരം ഉത്തരവായിട്ടുണ്ടെങ്കിലും ടി തസ്തികയിൽ ഉണ്ടാകുന്ന 5% എന്ന കണക്കിൽ ഒഴിവുണ്ടാകാത്തതിനാൽ നാളിതുവരെ ടിയാൾക്ക് നിയമനം നൽകിയിട്ടില്ല.

5. 01.09.2022 തീയതിയിലെ സ.ഉ(കൈ) നം.46/2022/വനം ഉത്തരവ് പ്രകാരം വാച്ചർ തസ്തികയിൽ നിയമിതയായ ശ്രീമതി.ചിത്രാദേവിയ്ക്ക് നാളിതുവരെ ശമ്പള ഇനത്തിൽ 2,72,325/- രൂപ നൽകിയിട്ടുണ്ട്.

6. 03.09.2022 തീയതിയിലെ സ.ഉ.(കൈ) 47/2022/വനം ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.സുബീഷ്.കെ.വി-ക്ക് വാച്ചർ തസ്തികയിലും, ശ്രീ.ശരത്ത്.വി.എസ്സ്-ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലും തൃശ്ശൂർ ഡിവിഷന് കീഴിലെ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനിൽ ടി ജീവനക്കാർക്ക് നാളിതുവരെ ശമ്പള ഇനത്തിൽ 5,47,859/- രൂപ നൽകിയിട്ടുണ്ട്.

7. 02.06.2023 തീയതിയിലെ സ.ഉ.(കൈ) 12/2023/വനം ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജയരാജൻ.ബി ക്ക് ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ടി ജീവനക്കാർക്ക് നാളിതുവരെ ശമ്പള ഇനത്തിൽ 24,145/- രൂപ നൽകിയിട്ടുണ്ട്.

8. 26.08.2022 ലെ FWLD/B2/90/2022 യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (KPPL) ന് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുമ്പോൾ ഈടാക്കേണ്ട തുക മെട്രിക് ടണിന് 1000/- രൂപ എന്നത് 03.11.2022 തീയതിയിലെ സ.ഉ.(സാധാ)നം.468/2022/വനം ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട വില 500/- രൂപയായി കുറച്ച് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനാൽ 12000000/- രൂപയുടെ ബാധ്യത ഉണ്ടായിട്ടുണ്ട്.

ഭാഗം II

**Note # 151**

1709932/Agri-A2/15/2021-FIN Finance(Agri A)Department

358492/FWLD-F1/502/2016-FWLD 03/06/2021

The Administrative Department is informed that as per the existing rules, the request cannot be acceded to.

For Secretary(Finance Expenditure)

**09/06/2021 04:21 PM**

**PADMAKUMAR S**
**SO(AGRI A,FIN)**



Generated from eOffice by GEETHU VIJAYAN, SG-ASST (F1) F&WLD, SG-ASST (F1) F&WLD, F&WLD on 03/08/2023 05:04 PM

2

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ ദിവസക്കൂലി വ്യവസ്ഥയിൽ പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ, പാമ്പ്കടിയേറ്റതിനെ തുടർന്ന് മരണപ്പെട്ട ശ്രീ. രാജേഷ്.എം-ന്റെ ഭാര്യ ശ്രീമതി. രേഖ രാജേഷിന്, വനം വകുപ്പിന് കീഴിൽ വ്യവസ്ഥകൾക്ക് വിധേയമായി വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.5/2022/വനം തീയതി, തിരുവനന്തപുരം, 17/01/2022.

---

പരാമർശം:-

1. കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർമാന്റെ 12.08.2016-തീയതിയിലെ 371/എ2/2016/കേ.സം.യു.ക. നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 02.12.2016-തീയതിയിലെ ഡബ്ല്യു.എൽ 1-33944/2016 നമ്പർ കത്ത്.
3. 23.03.2018-ലെ സ.ഉ(കൈ)നം.71/2018/പൊഭവ ഉത്തരവ്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ ദിവസ കൂലി വ്യവസ്ഥയിൽ പാമ്പ് പിടിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന റാന്നി മക്കപ്പുഴ വാകത്താനം മുതുപിലാക്കൽ ഹൗസിൽ ശ്രീ. രാജേഷ്.എം, പാമ്പ്കടിയേറ്റതിനെ തുടർന്ന് 28/06/2016-ൽ മരണപ്പെട്ടു. ടിയാന്റെ അകാല മരണത്തെത്തുടർന്ന്, ടിയാന്റെ ആശ്രിതർക്ക് 5 ലക്ഷം രൂപ, ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് സർക്കാർ നഷ്ടപരിഹാരം അനുവദിച്ചിരുന്നു. കൂടാതെ, 20.07.2016-മുതൽ ടിയാന്റെ ഭാര്യ ശ്രീമതി.രേഖ രാജേഷിന്, കോട്ടയം ഫോറസ്റ്റ് റേഞ്ചിലെ പ്ലാച്ചേരി സ്റ്റേഷനിൽ താത്ക്കാലിക വാച്ചറായി ജോലിയും നൽകുകയുണ്ടായി.

2). സർക്കാർ ജോലി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീമതി. രേഖ രാജേഷ് സംസ്ഥാന യുവജന കമ്മീഷൻ മുൻപാകെ സമർപ്പിച്ച അപേക്ഷ അനുഭാപൂർവം പരിഗണിക്കണമെന്ന് കമ്മീഷൻ പരാമർശം (1) പ്രകാരം ശിപാർശ നൽകുകയുണ്ടായി. ശ്രീ. രാജേഷ്.എം-ന്റെ വനം വകുപ്പിലെ നിസ്തുല സേവനം പരിഗണിച്ചും, ടിയാന്റെ കുടുംബത്തിന്റെ നിലവിലെ അവസ്ഥ പരിഗണിച്ചും, ടിയാന്റെ ഭാര്യ ശ്രീമതി.രേഖ രാജേഷിന് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ആശ്രിത നിയമനം നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) പരാമർശം (2) പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ ദുരന്തങ്ങൾ ബാധിച്ചവർക്ക് സമാശ്വാസമായി തൊഴിൽ നൽകുന്നതിന് തീരുമാനമെടുത്തു കഴിഞ്ഞാൽ നിയമനം നൽകാൻ

തീരുമാനിച്ചിരിക്കുന്ന സർക്കാർ വകുപ്പിലോ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലോ ക്ലാസ് III, ക്ലാസ് IV, പാർട്ട് ടൈം കണ്ടിജന്റ് തുടങ്ങിയ തസ്തികകളിൽ നിയമിക്കപ്പെടാൻ വേണ്ടി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകേണ്ടതാണെന്ന് പരാമർശം (3) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4). പ്രസ്തുത സാഹചര്യത്തിൽ, സമാനമായ കേസുകളിൽ സർക്കാർ സ്വീകരിച്ച നിലപാട് കണക്കിലെടുത്തു കൊണ്ടും, മാനുഷിക പരിഗണന നൽകിയും, വനം വന്യജീവി വകുപ്പിൽ ദിവസക്കൂലി വ്യവസ്ഥയിൽ പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ, പാമ്പ്കടിയേറ്റതിനെ തുടർന്ന് മരണപ്പെട്ട ശ്രീ. രാജേഷ്.എം-ന്റെ ഭാര്യ ശ്രീമതി. രേഖ രാജേഷിന്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, വനം വന്യജീവി വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ 23,000-50,200/-രൂപ ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിര നിയമനം നൽകി സർക്കാർ ഉത്തരവാകുന്നു.

- ശ്രീമതി. രേഖ രാജേഷിന് വേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൾ വിരമിക്കുന്നതോടെ ഇല്ലാതാകുന്നതാണ്.
- സൂപ്പർന്യൂമററി തസ്തികയിൽ ജോയിൻ ചെയ്യുന്ന തിയ്യതി മുതൽ മാത്രമേ സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.
- വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകളിലെ ഒഴിവിലേക്ക് ടിയാളുടെ നിയമനം ക്രമീകരിച്ചു നൽകരുത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rajesh Kumar Sinha
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) &
ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.
ശ്രീമതി.രേഖ രാജേഷ് (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് ( 12.01.2022-ലെ മന്ത്രി സഭാ തീരുമാനം 488 പ്രകാരം).
ധനകാര്യ വകുപ്പ് (1709932/Agri-A2/15/2021-FIN തീയതി 03/06/2021).
നിയമ (ഉപദേശ-ഡി) വകുപ്പ് (10372/ഉപദേശം ഡി-2/2021/നിയമം തീയതി 27.07.2021).
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 17-01-2022 17:38:47
Reason: Approved
സെക്ഷൻ ഓഫീസർ.

4

പകർപ്പ്

വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 502/ എഫ്1/ 2016/ വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വന്യജീവി വകുപ്പ്- വനം വകുപ്പിൽ ദിവസക്കൂലി വ്യവസ്ഥയിൽ പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ പാമ്പ്കടിയേറ്റതിനെ തുടർന്ന് മരണപ്പെട്ട ശ്രീ രാജേഷ്.എം-ന്റെ ഭാര്യ ശ്രീമതി. രേഖ രാജേഷിന്, വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07/ 12/ 2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | അതെ.<br>ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമവകുപ്പ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ബിന്ദു തങ്കച്ചി എം.കെ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ്കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 21.12.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.01.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.കെ ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.01.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 06.01.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

6



## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ ദിവസക്കൂലി വ്യവസ്ഥയിൽ പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ, പാമ്പ്കടിയേറ്റതിനെ തുടർന്ന് മരണപ്പെട്ട ശ്രീ. രാജേഷ്.എം-ന്റെ ഭാര്യ ശ്രീമതി. രേഖ രാജേഷിന്, വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2.) വനം വകുപ്പിൽ ദിവസ കൂലി വ്യവസ്ഥയിൽ പാമ്പ് പിടിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന റാന്നി മക്കപ്പുഴ വാകത്താനം മുതുപിലാക്കൽ ഹൗസിൽ ശ്രീ. രാജേഷ്.എം. പാമ്പ്കടിയേറ്റതിനെ തുടർന്ന് 28/06/2016-ൽ മരണപ്പെട്ടു. ടിയാന്റെ അകാല മരണത്തെത്തുടർന്ന്, ടിയാന്റെ ആശ്രിതർക്ക് 5 ലക്ഷം രൂപ, ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് സർക്കാർ നഷ്ടപരിഹാരം അനുവദിച്ചിരുന്നു. കൂടാതെ, 20.07.2016-മുതൽ ടിയാന്റെ ഭാര്യ ശ്രീമതി.രേഖ രാജേഷിന്, കോട്ടയം ഫോറസ്റ്റ് റേഞ്ചിലെ പ്ലാച്ചേരി സ്റ്റേഷനിൽ താത്ക്കാലിക വാച്ചറായി ജോലിയും നൽകുകയുണ്ടായി.

3.) സർക്കാർ ജോലി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീമതി. രേഖ രാജേഷ് സംസ്ഥാന യുവജന കമ്മീഷൻ മുൻപാകെ സമർപ്പിച്ച അപേക്ഷ അനുഭാവപൂർവം പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ നൽകുകയുണ്ടായി. ശ്രീ. രാജേഷ്.എം-ന്റെ വനം വകുപ്പിലെ നിസ്തുല സേവനം പരിഗണിച്ചും, ടിയാന്റെ കുടുംബത്തിന്റെ നിലവിലെ അവസ്ഥ പരിഗണിച്ചും, ടിയാന്റെ ഭാര്യ ശ്രീമതി.രേഖ രാജേഷിന് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ആശ്രിത നിയമനം നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) സർക്കാരിനെ അറിയിക്കുകയുണ്ടായി.

4.) ശ്രീമതി. രേഖ രാജേഷിന് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആശ്രിത നിയമനത്തിന് അർഹതയില്ലാത്തതിനാൽ, വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, പ്രസ്തുത തസ്തിക ടിയാൾ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുമെന്ന വ്യവസ്ഥയിൽ, ടിയാളെ നിയമിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ, ടി വകുപ്പ് താഴെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*'The Administrative Department is informed that as per the existing rules, the request cannot be acceded to'*

5.) തുടർന്ന്, ഇത്തരത്തിൽ നിയമിക്കുന്നതിന് നിയമ പരമായ തടസ്സമുണ്ടോ എന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ, ടി വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"താൽക്കാലിക ദിവസവേതനക്കാരായ പാർട്ട്ടൈം തൊഴിലാളികളുടെ ആശ്രിതർക്കോ താൽക്കാലിക ദിവസവേതനക്കാരായി സേവനത്തിലിരിക്കെ സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ ആശ്രിതർക്കോ നിലവിൽ നിലനിൽക്കുന്ന നിയമപ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനർഹതയില്ലാത്തതാണ്. കൂടാതെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ബഹു. സുപ്രീം കോടതിയുടെ ഉമാദേവി കേസിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാകും എന്നുള്ളതിനാൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ശ്രീമതി. രേഖ രാജേഷിനെ സ്ഥിരപ്പെടുത്തുന്നത് നിയമപരമല്ലായെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്."*

6.) എന്നാൽ, വനംവകുപ്പിൽ എൻ.എം.ആർ വ്യവസ്ഥയിൽ താത്കാലിക പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ പാമ്പ് കടിയേറ്റതിനെ തുടർന്ന് മരണപ്പെട്ട ശ്രീ. ശോഭിയുടെ വിധവയായ ശ്രീമതി.ഷാനിബ എൻ.കെ- യ്ക്ക്, മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകി 26.09.2019-ലെ സ.ഉ(കൈ)നം.27/2019/വനം പ്രകാരം ഉത്തരവായിരുന്നു. മറ്റൊരു കേസിൽ. കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീ. ബിജു.അഞ്ചാനിക്കൽ എന്നയാളുടെ വിധവയായ ശ്രീമതി.കത്രീനയ്ക്ക് ആറളം വന്യജീവി സങ്കേതത്തിൽ പുതുതായി അനുവദിച്ച പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ, 26.02.2019-ലെ സ.ഉ(കൈ)നം.8/2019/വനം പ്രകാരം നിയമനം നൽകി ഉത്തരവായിട്ടുണ്ട്. സമാനമായി, കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ശ്രീ.വി.വി സുബ്രഹ്മണ്യത്തിന്റെ മകൻ ശ്രീ.വി.എസ് ലാലുവിന് 30.07.2012-ലെ സ.ഉ(കൈ)നം.93/2012/വനം ഉത്തരവ് പ്രകാരം വനവകുപ്പിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ, വിവിധ ദുരന്തങ്ങൾ ബാധിക്കപ്പെട്ടവർക്ക് സർക്കാർ സമാശ്വാസമായി തൊഴിൽ നൽകി വരുന്നുണ്ട്. വിവിധ ദുരന്തങ്ങൾ ബാധിച്ചവർക്ക് സമാശ്വാസമായി തൊഴിൽ നൽകുന്നതിന് മന്ത്രിസഭാ യോഗം തീരുമാനമെടുത്തു കഴിഞ്ഞാൽ നിയമനം നൽകാൻ തീരുമാനിച്ചിരിക്കുന്ന സർക്കാർ വകുപ്പിലോ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലോ-

-ക്ലാസ് III, ക്ലാസ് IV, പാർട്ട് ടൈം കണ്ടിജന്റ് തുടങ്ങിയ തസ്തികകളിൽ നിയമിക്കപ്പെടാൻ വേണ്ടി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകേണ്ടതാണെന്ന് 23.03.2018-ലെ സ.ഉ(കൈ)നം. 71/2018/പൊഭവ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

7.) സമാനമായ കേസുകളിൽ സർക്കാർ സ്വീകരിച്ച നിലപാട് കണക്കിലെടുത്തു കൊണ്ടും, മാനുഷിക പരിഗണന നൽകി, ശ്രീമതി രേഖ രാജേഷിന്, വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, ടി തസ്തിക ടിയാൾ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുമെന്ന വ്യവസ്ഥയിൽ സ്ഥിരനിയമനം നൽകാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

വനം വന്യജീവി വകുപ്പിൽ ദിവസക്കൂലി വ്യവസ്ഥയിൽ പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ, പാമ്പ്കടിയേറ്റതിനെ തുടർന്ന് മരണപ്പെട്ട ശ്രീ. രാജേഷ്.എം-ന്റെ ഭാര്യ ശ്രീമതി. രേഖ രാജേഷിന്, മാനുഷിക പരിഗണന കണക്കിലെടുത്തും, ഒരു പ്രത്യേക കേസായി പരിഗണിച്ചും, വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ 23,000-50,200/- രൂപ ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിര നിയമനം നൽകാവുന്നതാണോ:-

- ശ്രീമതി. രേഖ രാജേഷിന് വേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൾ വിരമിക്കുന്നതോടെ ഇല്ലാതാകുന്നതാണ്.
- സൂപ്പർന്യൂമററി തസ്തികയിൽ ജോയിൻ ചെയ്യുന്ന തിയ്യതി മുതൽ മാത്രമേ സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.
- വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകളിലെ ഒഴിവിലേക്ക് ടിയാളുടെ നിയമനം ക്രമീകരിച്ചു നൽകരുത്.

<u>രഹസ്യം</u>

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-01-2022

ഫയൽ നം. 502/എഫ്1/2016/വനം. ഇനം നം: 488

വിഷയം : വനം-വന്യജീവി വകുപ്പ് - വനം വകുപ്പിൽ ദിവസക്കൂലി വ്യവസ്ഥയിൽ പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ, പാമ്പ് കടിയേറ്റതിനെ തുടർന്ന് മരണപ്പെട്ട ശ്രീ. രാജേഷ്. എം-ന്റെ ഭാര്യ ശ്രീമതി. രേഖ രാജേഷിന്, വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

R
13/1

13/1

11

**Note # 65**

No. Loans-L1/289/2021-FIN (E 1839332) Finance (Loans) Department
FWLD-F1/402/2019-FWLD (E 1402378) Dated : 20/05/2022

അപേക്ഷകൻ ചികിത്സ തേടിയകാഞ്ഞിരപ്പള്ളി മേരി ക്വീൻ ആശുപത്രി സർക്കാർ എംപാനൽഡ് ആശുപത്രിയല്ല. 12.06.2020 - ലെ 34/2020/ധന, പരിപത്രം പ്രകാരം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കൈകൊണ്ട നിലപാട് അനുസരിച്ച് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ അല്ലാതെ ചികിത്സ തേടുന്ന കേസുകളിൽ മേൽ സർക്കുലർ പുറപ്പെടുവിച്ച തീയ്യതിയ്ക്ക് (12.06.2020) - നു മുമ്പുള്ള ചികിത്സാ കാലയളവാണെങ്കിലുംചികിത്സാ തുക പ്രതിപൂരണം ചെയ്തു നൽകുന്നത് പരിഗണനാർഹമല്ലെന്ന പൊതു നിലപാടാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. അതിനാൽ, വനം വകുപ്പിൽ കോട്ടയം സോഷ്യൽ ഫോറസ്റ്റി ഡിവിഷനിൽ ട്രൈബൽ വാച്ചറായ ശ്രീ. പി. കെ. സുധാകരന്റെ ചികിത്സയ്ക്ക് ടി ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണാർഹമല്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

ധനകാര്യ വ്യയം

സെക്രട്ടറിയ്ക്ക് വേണ്ടി

**21/05/2022 09:36 PM**

**SMITHA.S.S**
**SO(LOANS,FIN)**



Generated from eOffice by GEETHU VIJAYAN, SG-ASST (F1) F&WLD, SG-ASST (F1) F&WLD, F&WLD on 03/08/2023 05:11 PM

12

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്), ശ്രീ. പി. കെ. സുധാകരന് തന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് കാഞ്ഞിരപ്പള്ളി മേരിക്വീൻസ് മിഷൻ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.43/2022/F&WLD തീയതി,തിരുവനന്തപുരം, 30-07-2022.

പരാമർശം:-

1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) 07.12.2019- തീയതിയിലെ KFDHQ/6693/2019-ADMIN/H2 നമ്പർ കത്ത്.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 04.01.2021-തീയതിയിലെ (എൽ.ഡിസ്) എം.ആർ 5-30582/2020/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ശ്രീ. പി. കെ. സുധാകരന് തന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് കാഞ്ഞിരപ്പള്ളി മേരിക്വീൻസ് മിഷൻ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിനുള്ള ശിപാർശ പരാമർശം 1 കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ശ്രീ. പി. കെ. സുധാകരൻ ചികിത്സ നേടിയ കാഞ്ഞിരപ്പള്ളി മേരിക്വീൻസ് മിഷൻ ആശുപത്രി മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിനായുള്ള സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്നും, ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് അനുവദനീയ തുക ടിയാന് മാറി നൽകുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കണമെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് അഭ്യർത്ഥിക്കുകയുണ്ടായി. ടിയാന് ചികിത്സയ്ക്കായി ചെലവായ തുകയിൽ 1,07,564/- [ഒരു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി അറുപത്തിനാല്] രൂപ അനുവദനീയമാണെന്ന് പരാമർശം 2 കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ, കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ശ്രീ. പി. കെ. സുധാകരന് തന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് കാഞ്ഞിരപ്പള്ളി മേരിക്വീൻസ് മിഷൻ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിരിക്കുന്ന 1,07,564/- [ഒരു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി അറുപത്തിനാല്] രൂപയുടെ 80%, ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച്, പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം (അനുബന്ധ രേഖകൾ സഹിതം).
ശ്രീ. പി. കെ.സുധാകരൻ, ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് [ ഇനം നം: 948 തീയതി: 27-07-2022]

ധനകാര്യ (ലോൺസ്) വകുപ്പ്.
ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്.
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 30-07-2022 15:30:05**
സെക്ഷൻ ഓഫീസർ

പകർപ്പ്,
ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.
ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്.

14

948

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ് 1/ 402/ 2019/ വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം- വന്യജീവി വകുപ്പ്- ജീവനക്കാര്യം- കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ശ്രീ പി. കെ. സുധാകരന്റെ ചികിത്സ ചെലവ് പ്രതിപൂരണം ചെയ്യുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10/ 07/ 2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ.<br>ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് ജി.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ്കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 19.07.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19.07.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.കെ ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20.07.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 20.07.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ശ്രീ. പി. കെ. സുധാകരന് തന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് കാഞ്ഞിരപ്പള്ളി മേരികിൻസ് മിഷൻ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ പി. കെ. സുധാകരനെ, 30/12/2017-ന് ഉണ്ടായ നെഞ്ചുവേദനയെ തുടർന്ന് അടുത്തുള്ള എരുമേലി ഗവൺമെന്റ് ആശുപത്രിയിൽ എത്തിക്കുകയുണ്ടായി. ഡോക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജിലേക്ക് കൊണ്ട് പോകുന്ന വഴിയിൽ ടിയാന് കഠിനമായ നെഞ്ചു വേദന അനുഭവപ്പെട്ടതിനാൽ കാഞ്ഞിരപ്പള്ളി മേരികിൻസ് മിഷൻ ആശുപത്രിയിൽ എത്തിക്കുകയും അടിയന്തരമായി ആൻജിയോപ്ലാസ്റ്റി നടത്തുകയും ചെയ്തു.

3. ശ്രീ. പി. കെ. സുധാകരൻ ചികിത്സ നേടിയ കാഞ്ഞിരപ്പള്ളി മേരികിൻസ് മിഷൻ ആശുപത്രി മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിനായുള്ള സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്നും, ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് അനുവദനീയ തുക ടിയാന് മാറി നൽകുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കണമെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് അഭ്യർത്ഥിക്കുകയുണ്ടായി. ടിയാന് ചികിത്സയ്ക്കായി ചെലവായ തുകയിൽ 1,07,564/-[ഒരു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി അറുപത്തിനാല്] രൂപ അനുവദനീയമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

4. ഇത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"The application for expost facto sanction for Medical Reimbursement in connection with the treatment underwent at non empanelled private hospitals cannot be considered in view of Circular No.34/2020/Fin dated 12/06/2020 issued by Finance (Loans) Department. Hence Administrative Department is requested to retransmit the file with the remarks of Finance Department in this claim".*

5. തുടർന്ന്, ധനകാര്യ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"അപേക്ഷകൻ ചികിത്സ തേടിയ കാഞ്ഞിരപ്പള്ളി മേരി ക്വീൻ ആശുപത്രി സർക്കാർ എംപാനൽഡ് ആശുപത്രിയല്ല. 12.06.2020-ലെ 34/2020/ധന, പരിപത്രം പ്രകാരം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കൈകൊണ്ട നിലപാട് അനുസരിച്ച് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ അല്ലാതെ ചികിത്സ തേടുന്ന കേസുകളിൽ മേൽ സർക്കുലർ പുറപ്പെടുവിച്ച തീയ്യതിയ്ക്ക് (12.06.2020) - ന മുമ്പുള്ള ചികിത്സാ കാലയളവാണെങ്കിലും ചികിത്സാ തുക പ്രതിപൂരണം ചെയ്തു നൽകുന്നത് പരിഗണനാർഹമല്ലെന്ന പൊതു നിലപാടാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. അതിനാൽ, വനം വകുപ്പിൽ കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ട്രൈബൽ വാച്ചറായ ശ്രീ പി. കെ. സുധാകരന്റെ ചികിത്സയ്ക്ക് ടി ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണാർഹമല്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".*

6. അപേക്ഷകൻ ആദിവാസി വിഭാഗത്തിൽപ്പെടുന്ന ആളാണെന്നതും, കഠിനമായ നെഞ്ചുവേദനയെ തുടർന്ന് തൊട്ടടുത്തുള്ള ഹോസ്പിറ്റൽ എന്ന നിലയിൽ അടിയന്തര ചികിത്സ തേടിയതാണ് എന്നത് പരിഗണിച്ചും, കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ശ്രീ. പി. കെ. സുധാകരന് തന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് കാഞ്ഞിരപ്പള്ളി മേരിക്വീൻസ് മിഷൻ ആശുപത്രിയിൽ ചെലവായ തുക ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച്

പ്രതിപൂരണം ചെയ്തു നൽകാമോ എന്നതിൽ ഉത്തരവിനായി ഫയൽ, ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

7. 23.11.2020- ലെ സ.ഉ(കൈ)നം. 122/2020/ധന ഉത്തരവിൽ, സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിലെ ചികിത്സയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ/ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിക്കുന്ന തുകയുടെ 80% മാത്രമേ പ്രതിപൂരണം ചെയ്യാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വനം വകുപ്പിൽ, കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ശ്രീ. പി. കെ. സുധാകരന് തന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് കാഞ്ഞിരപ്പള്ളി മേരിക്വീൻസ് മിഷൻ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിരിക്കുന്ന 1,07,564/- [ഒരു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി അറുപത്തിനാല്] രൂപയുടെ 80%, ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് പ്രതിപൂരണം ചെയ്യുന്നതിന് ആരോഗ്യ കുടുംബക്ഷേമ, ധനകാര്യ വകുപ്പിന്റെയും അഭിപ്രായം മറികടന്ന് കൊണ്ട് അനുമതി നൽകാമോ?

18

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-07-2022

ഫയൽ നം. എഫ്1/402/2019/വനം. ഇനം നം: 948

വിഷയം : വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം - കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) ശ്രീ. പി. കെ. സുധാകരന്റെ ചികിത്സ ചെലവ് പ്രതിപൂരണം ചെയ്യുന്നത്

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

R
29/7

JS: F&WL.

19

**Note # 19**

No. 1985665/Loans-L3/45/2022-FIN
1934158/FWLD-F2/318/2021-FWLD

Finance (Loans) Department,
Dated : 08/02/2022

വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഫയലുകളിൽ 12.6.2020 - ലെ 34/2020/ധന, പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരമില്ലാത്ത ആശുപത്രികളിലെ / ആശുപത്രികളിലെ ചികിത്സാവിഭാഗങ്ങളിലെ ചികിത്സാ ക്ലെയിമുകൾ ആയത് മേൽ പരിപത്രം പുറപ്പെടുവിക്കുന്നതിനു മുമ്പുള്ള കാലയളവിലെ ചികിത്സാ ക്ലെയിമുകളായാലും ധനകാര്യ വകുപ്പ് നിരസിച്ചു വരുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായിട്ടുള്ള സമാനമായ ഫയലുകളിൽ ധനകാര്യ വകുപ്പ് പ്രതിപൂരണാനുമതി നൽകിയിട്ടില്ല. ഒരു ഫയലിൽ പ്രതിപൂരണാനുമതി നൽകിയാൽ സമാന വിഷയത്തിലുള്ള മറ്റു ഫയലുകളും പരിഗണിയ്ക്കേണ്ടതായി വരുകയും, അതൊരു തെറ്റായ കീഴ് വഴക്കത്തിന് ഇടയാക്കുന്നതോടൊപ്പം, സർക്കാരിനു കനത്ത സാമ്പത്തിക ബാദ്ധ്യതയ്ക്കു വഴിതെളിക്കുകയും ചെയ്യും. മേൽ സാഹചര്യത്തിൽ, കോഴിക്കോട് സഹകരണ ആശുപത്രിയിലെ ചികിത്സയ്ക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിന് സർക്കാർ അംഗീകാരമില്ലാത്തതിനാൽ ടി ചികിത്സയ്ക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കണമെന്ന ശ്രീ. സുര കെ. എം. - ന്റെ അപേക്ഷ അംഗീകരിക്കാൻ നിർവ്വാഹമില്ലായെന്ന് ഭരണ വകുപ്പിനെ അറിയിയ്ക്കുന്നു.

ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയ്ക്കു വേണ്ടി

**08/02/2022 12:30 PM**

**DINSHA RANI R**
**ASO (LOANS-L3) FIN**

---

**Note # 20**

**08/02/2022 12:43 PM**

**NOUSHAD S**
**SO (F) F&WLD**

---



Generated from eOffice by NOUSHAD S, SO (F) F&WLD, SO (F) F&WLD, F&WLD on 07/08/2023 03:23 PM

## കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്2/318/2021/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ കോഴിക്കോട് സോഷ്യൽ ഫോറ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സുര എം -ന് ചികിത്സാ ചെലവ് പ്രതിപൂരണം ചെ നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25/06/2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | രാജേഷ്.ജി.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | രാജേഷ് കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 29.06.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.07.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.07.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05.07.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സുര കെ എം -ന്, ടിയാന്റെ അമ്മയുടെ ചികിത്സക്കായി ചെലവാക്കിയ തുക പ്രതിപൂരണം ചെയ്തു നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിനാധാരമായ വിഷയം.

2). കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സുര കെ എം, ടിയാന്റെ അമ്മയുടെ ചികിത്സക്കായി കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയിൽ ചെലവാക്കിയ 1,35,325/- രൂപ റീ ഇമ്പേഴ്സ് ചെയ്ത് നൽകുന്നതിനുള്ള അപേക്ഷ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ചിരുന്നു.

3). ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്ന പ്രകാരമായിരുന്നു.

'Administrative Department is informed that application for expost facto sanction for Medical Reimbursement in connection with the treatment underwent at non empanelled Private hospitals cannot be considered in view of Circular No. 34/2020/Fin dated 12/06/2020 issued by Finance (Loans) Dept'.

4). ധനകാര്യ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

'വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഫയലുകളിൽ,

22

12.6.2020 - ലെ 34/2020/ധന, പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ സർക്കാ അംഗീകാരമില്ലാത്ത ആശുപത്രികളിലെ / ആശുപത്രികളിലെ ചികിത്സാവിഭാഗങ്ങളിലെ ചികിത്സാ ക്ലെയിമുകൾ ആയത് മേൽ പരിപത്രം പുറപ്പെടുവിക്കുന്നതിനു മുമ്പുള്ള കാലയളവിലെ ചികിത്സാ ക്ലെയിമുകളായാലും ധനകാര്യ വകുപ്പ് നിരസിച്ചു വരുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായിട്ടുള്ള സമാനമായ ഫയലുകളിൽ ധനകാര്യ വകുപ്പ് പ്രതിപൂരണാനുമതി നൽകിയിട്ടില്ല. ഒരു ഫയലിൽ പ്രതിപൂരണാനുമതി നൽകിയാൽ, സമാന വിഷയത്തിലുള്ള മറ്റു ഫയലുകളും പരിഗണിക്കേണ്ടതായി വരുകയും, അതൊരു തെറ്റായ കീഴ് വഴക്കത്തിന് ഇടയാക്കുന്നതോടൊപ്പം സർക്കാരിനു കനത്ത സാമ്പത്തിക ബാദ്ധ്യതയ്ക്കു വഴിതെളിക്കുകയും ചെയ്യും. മേൽ സാഹചര്യത്തിൽ, കോഴിക്കോട് സഹകരണ ആശുപത്രിയിലെ ചികിത്സയ്ക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിന് സർക്കാർ അംഗീകാരമില്ലാത്തതിനാൽ ടി ചികിത്സയ്ക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കണമെന്ന ശ്രീ. സുര കെ. എം. ന്റെ അപേക്ഷ അംഗീകരിക്കാൻ നിർവ്വാഹമില്ലായെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

5). ശ്രീ.സുര. കെ.എം സമർപ്പിച്ച അപേക്ഷയിൽ, ടിയാന്റെ അമ്മ ജാനു (6 വയസ്സ്) രാത്രി 3 മണിക്ക് കിടപ്പ് മുറിയിൽ വീണ് ഇടത് കാലിന്റെ തുടയെല്ല് പൊട്ടുകയും, അബോധാവസ്ഥയിൽ ഏറ്റവും അടുത്തുള്ള ജില്ലാ സഹകരണ ആശുപത്രിയിൽ എത്തിക്കുകയും, കോവിഡ് രൂക്ഷതയും സമ്പൂർണ്ണ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാലും, അമ്മയുടെ പ്രായവും ശാരീരിക അവശതയും മറ്റ് അസുഖങ്ങൾ ഉള്ളതുകൊണ്ടു ജീവന് ഭീഷണിയായതിനാലാണ് മറ്റ് സർക്കാർ ആശുപത്രിയിലേക്ക് കൊണ്ട് പോകാൻ കഴിയാത്തതെന്നും, കുറഞ്ഞ വരുമാനക്കാർക്ക് മികച്ച ചികിൽസയും വിദഗ്ധ ഡോക്ടർമാരുടെ സേവനവും സഹകരണ ആശുപത്രിയിൽ ലഭിക്കുന്നതുകൊണ്ടും ആണ് കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയിൽ അടിയന്തിരമായി ശസ്ത്രക്രിയ നടത്തിയതെന്നും അറിയിച്ചിരുന്നു. പട്ടികജാതി

വിഭാഗത്തിൽപ്പെട്ട, കുറഞ്ഞ വരുമാനക്കാരനായ തനിക്ക് മെഡിക്കൽ റീ -ഇമ്പേഴ്സ്മെന്റ് തുക അനുവദിക്കണമെന്നും ടിയാൻ അപേക്ഷിക്കുകയുണ്ടായി.

6). വനം വകുപ്പിൽ കോഴിക്കോട് സോഷ്യൽ ഫോറസ്റ്റി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സുര കെ എം, ടിയാന്റെ അമ്മയുടെ ചികിത്സക്കായി ചെലവാക്കിയ തുക പ്രതിപൂരണം ചെയ്തു നൽകുന്നത് ഒരു പ്രത്യേക കേസായി പരിഗണിക്കുന്ന കാര്യം, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യ മന്ത്രി ഉത്തരവായിട്ടുണ്ട്.

7). 23.11.2020 ലെ സ.ഉ. (കൈ) നം. 122/2020/ധന ഉത്തരവിൽ, സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിലെ ചികിത്സയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ/ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിക്കുന്ന തുകയുടെ 80% മാത്രമേ അനുവദിക്കാനാവൂ എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

വനം വകുപ്പിൽ കോഴിക്കോട് സോഷ്യൽ ഫോറസ്റ്റി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സുര കെ എം -ന് ടിയാന്റെ അമ്മയുടെ ചികിത്സക്കായി കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയിൽ ചെലവാക്കിയ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ/ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിക്കുന്ന തുകയുടെ 80%, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകാമോ?

JS

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-07-2022

ഇനം നം: 904

ഫയൽ നം. എഫ്2/318/2021/വനം.

വിഷയം : വനം-വന്യജീവി വകുപ്പ് - വനം വകുപ്പിൽ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സുര കെ എം-ന് ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

S: F&WL.

26 എഫ്2/318/22 20

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യ ജീവി വകുപ്പ് - വനം വകുപ്പിൽ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സുര കെ എം -ന്, ചികിത്സാ ചിലവ് പ്രതിപൂരണം ചെയ്യു നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.39/2022/F&WLD　　　　തീയതി, തിരുവനന്തപുരം, 08-07-2022.

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 20.11.2021, 06.05.2022 എന്നീ തീയതികളിലെ എച്ച്2/4348/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വകുപ്പിൽ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സുര കെ എം, ടിയാന്റെ അമ്മയുടെ ചികിത്സക്കായി കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയിൽ ചെലവാക്കിയ 1,35,325/- തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിനുള്ള അപേക്ഷ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സൂചന ഒന്നു പ്രകാരം സമർപ്പിച്ചിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കയുണ്ടായി. വനം വകുപ്പിൽ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സുര കെ എം -ന്, ടിയാന്റെ അമ്മയുടെ ചികിത്സക്കായി കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയിൽ ചെലവാക്കിയ തുകയിൽ ആരോഗ്യ വകുപ്പ് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിക്കുന്ന തുകയുടെ 80%, ഒരു പ്രത്യേക കേസായി പരിഗണിച്ച്, പ്രതിപൂരണം ചെയ്യു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. സുര കെ എം, (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന) .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ് സി) വകുപ്പ് ,(ഇനം നം. 904, തീയതി:06.07.2022).
ധനകാര്യ വകുപ്പ് .
.ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
വെബ്ബ് & ന്യൂമീഡിയ.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 08-07-2022 10:[illegible]

പകർപ്പ്- ബഹു.വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ -യ്ക്ക്.
ജോയിന്റ് സെക്രട്ടറിയുടെ സി.എ -യ്ക്ക്.

29

**Note # 71**

1299809/Agri-A2/134/2019-FIN Department

Finance(Agri A)

864277/FWLD-F3/157/2018-FWLD

13.02.2020

State of Karnataka v. Uma Deviകേസിലെ ബഹു സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ താത്കാലികാടിസ്ഥാനത്തിലുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ പാടില്ല.(പ്രസ്തുത നിർദ്ദേശം വ്യക്തമാക്കിക്കൊണ്ടുള്ള നിയമ വകുപ്പിന്റെ അഭിപ്രായം ലോക്കൽ റെഫെറൻസിൽ കണ്ടാലും) മേൽ തീരുമാനം പരിഗണിച്ച് ശ്രീവിവേകാനന്ദനെ സ്ഥിരപ്പെടുത്തേണ്ട എന്ന തീരുമാനം കൈകൊണ്ടിട്ടുമുണ്ട്.കൂടാതെ മരണപ്പെട്ടു കഴിഞ്ഞ ജീവനക്കാരനെ സ്ഥിരപ്പെടുത്തുന്നതും ആയതിനു മുൻകാല പ്രാബല്യം നൽകുന്നതും ക്രമമല്ല എന്നും അത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കും എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ധനകാര്യ അഡിഷണൽ സെക്രട്ടറിക്ക് വേണ്ടി

**14/02/2020 04:56 PM**

**PADMAKUMAR S**
**SO(AGRI A,FIN)**



Generated from eOffice by SMITHA V V, ASO (F3) F&WLD, ASO (F3) F&WLD, F&WLD on 04/08/2023 11:47 AM

886

30

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്3/157/2018/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വന്യജീവി വകുപ്പിൽ ദിവസവേതന ടിസ്ഥാനത്തിൽ വാച്ചറായി സേവനത്തിലിരിക്കെ 30.01.2016 ൽ മരണപ്പെട്ട ശ്രീ. എൻ വിവേകാനന്ദ മകൾ കുമാരി. ആതിര. എൻ.വി യ്ക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതി അനുമതി നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 21.04.2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, നിയമ വക |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | രാജേഷ്.ജി.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | രാജേഷ് കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 23.06.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.06.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28.06.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.06.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി സേവനത്തിലിരിക്കെ, 30.01.2016 ൽ മരണപ്പെട്ട ശ്രീ. എൻ വിവേകാനന്ദന്റെ മകൾ ആതിര. എൻ.വി യ്ക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പിനാധാരമായ വിഷയം

2. 14/05/2015 ലെ സ.ഉ .(എം.എസ്) 29 /2015 /വനം, 28 /12 /2015 ലെ സ.ഉ. (എം.എസ്)110 /2015 /വനം എന്നീ സർക്കാർ ഉത്തരവുകൾ മുഖേന, വനം വകുപ്പിൽ 20 വർഷത്തിൽ കൂടുതലായി തുടർച്ചയായി ദിവസ വേതനത്തിൽ ജോലി ചെയ്തു വന്നിരുന്നവരും, 01 /09 /2013 ൽ 56 വയസ്സ് കഴിയാത്തവരുമായ 234 താത്ക്കാലിക ജീവനക്കാരെ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയപ്പോൾ, ചീഫ് ഫോറസ്റ്റ് കൺസേർവേറ്റർ (സോഷ്യൽ ഫോറസ്ട്രി ) കൊല്ലത്തിനു കീഴിലുള്ള പുനലൂർ സോഷ്യൽ ഫോറസ്ട്രി റേഞ്ചിലെ പ്ലാന്റേഷനുകളിൽ 1990 മുതൽ ദിവസവേതന വാച്ചർ ആയി ജോലി ചെയ്തു വന്നിരുന്ന ശ്രീ. എൻ. വിവേകാനന്ദനെ 22 /02 /2013 ൽ പ്ലന്റേഷനിൽ ഉണ്ടായ തീപിടുത്തവുമായി ബന്ധപ്പെട്ട് സേവനത്തിൽ നിന്നും പിരിച്ചുവിട്ടതിനാലും , ടിയാനെ പ്രതിയാക്കി പത്തനാപുരം റേഞ്ചിൽ കേസ് നില നിന്നിരുന്നതിനാലും, സ്ഥിരപ്പെടുത്തിയിരുന്നില്ല.

3. 13 /01 /2016 ൽ പുനലൂർ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി ടിയാനെ കേസിൽ നിന്നും കുറ്റവിമുക്തനാക്കിയതിനെ തുടർന്ന് ടിയാൻ വീണ്ടും പുനലൂർ സോഷ്യൽ ഫോറസ്ട്രി റേഞ്ചിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി

നോക്കിയിരുന്നു . കോടതി കുറ്റവിമുക്തനാക്കിയതിനാൽ തന്നെയും വകുപ്പിൽ സ്ഥിരപ്പെടുത്തണമെന്ന് ശ്രീ.എൻ വിവേകാനന്ദൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ബഹു.സുപ്രീം കോടതിയുടെ 10/04/2006 ലെ State of Karnataka v/s Umadevi (Civil 3595 -3612 of 1999 )കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ താത്കാലിക ജീവനക്കാരെ സർവീസിൽ സ്ഥിരപ്പെടുത്താൻ പാടില്ല എന്ന കാരണത്താൽ ശ്രീ. എൻ വിവേകാനന്ദന്റെ ആവശ്യം 13 /10 /2016 ൽ സർക്കാർ നിരസിച്ചു ശ്രീ. എൻ വിവേകാനന്ദൻ 30/10/2016 ൽ മരണ പ്പെടുകയുണ്ടായി.

4. തുടർന്ന് ശ്രീ. എൻ. വിവേകാനന്ദന്റെ മകൾ ആതിര എൻ.വി സമാശ്വാസതൊഴിൽ ദാന പദ്ധതി പ്രകാരം ജോലിക്കായി നിവേദനം നൽകി സർക്കാർ ഉത്തരവ് ജി.ഒ (പി)12 /99 /P &ARD തീയതി 24/05/1999 പ്രകാരം ആശ്രിത നിയമന പദ്ധതി, സർക്കാർ സർവീസിലെ സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ വനം വകുപ്പിലെ ദിവസ വേതന വാച്ചറായിരുന്ന ശ്രീ. എൻ വിവേകാനന്ദന്റെ മകൾക്കു സർക്കാർ സർവീസിൽ സ്ഥിരനിയമനം നൽകണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ലെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്യുകയുണ്ടായി .

5. ശ്രീ. വിവേകാനന്ദന്റെ സേവനം റഗുലറൈസ് ചെയ്യുന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടി, ഭരണവകുപ്പിന് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ

ചേർത്തിരിക്കുന്ന അഭിപ്രായം നൽകുകയുണ്ടായി.

" State of Karnataka v. Uma Devi കേസിലെ ബഹു സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ താത്കാലികാടിസ്ഥാനത്തിലുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ പാടില്ല. മേൽ തീരുമാനം പരിഗണിച്ച് ശ്രീ.വിവേകാനന്ദനെ സ്ഥിരപ്പെടുത്തേണ്ട എന്ന തീരുമാനം കൈകൊണ്ടിട്ടുമുണ്ട്. കൂടാതെ മരണപ്പെട്ടു കഴിഞ്ഞ ജീവനക്കാരനെ സ്ഥിരപ്പെടുത്തുന്നതും ആയതിനു മുൻകാല പ്രാബല്യം നൽകുന്നതും ക്രമമല്ല എന്നും അത് തെറ്റായ കീഴ് വഴക്കം സൃഷ്ടിക്കും എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു".

6. സീസണലായി ദിവസവേതന വാച്ചറായി ജോലി ചെയ്തിരുന്ന ശ്രീ വിവേകാനന്ദൻ 24.05.1999 ലെ സ.ഉ(പി) നം 12/99/ഉഭപവ പ്രകാരം 'Government Servent' ന്റെ പരിധിയിൽ വരുമോ എന്നും, ടിയാളുടെ മകളായ ആതിര. എൻ.വി യ്ക്ക് മേൽ ഉത്തരവ് പ്രകാരം ആശ്രിത നിയമനത്തിന് അർഹതയുണ്ടോ എന്നതിൻ മേലും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. ടി വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്ന പ്രകാരമായിരുന്നു.

'24 /05 /1999 ലെ ജി ഒ (പി) നമ്പർ 12 /99 / ഉഭപവ ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം സർക്കാർ സർവീസിൽ റെഗുലർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കാണ് ആശ്രിത നിയമനത്തിന് അർഹതയുള്ളത്. ആയതിനാൽ കുമാരി ആതിര എൻ.വി ക്ക് നിലവിലെ ചട്ടപ്രകാരം ഈ അനുകൂല്യത്തിന് അർഹത ഇല്ലാത്തതാകുന്നു.

എന്നാൽ മരണപ്പെട്ട വിവേകാനന്ദന് തന്റെ സഹപ്രവർത്തകരോടൊപ്പം റെഗുലറൈസ് ചെയ്യപ്പെടാൻ അർഹത ഉണ്ടായിരുന്നു എന്ന് കണക്കാക്കുന്നതിനും അതേപടി റെഗുലറൈസ് ചെയ്യപ്പെട്ട ഡി സുരേഷ് കുമാറിന്റെ മകന് ആശ്രിത നിയമനത്തിന്റെ ആനുകൂല്യം നൽകി ഉത്തരവ് ഇറക്കിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് നിർദേശങ്ങൾ രൂപപ്പെടുത്തി മേൽ ഉത്തരവിനായി സമർപ്പിക്കുന്നതിനും ഉചിതമായ തീരുമാനങ്ങൾ ഭരണവകുപ്പിന് കൈകൊള്ളാവുന്നതാണ്.

7. വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 14.05.2015 ലെ സ.ഉ.(എം.എസ്)നം.29/2015/വനം ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ. ഡി. സുരേഷ് കുമാറിന്റെ മകനായ ശ്രീ. സജിൻരേഷിന്, എൻ.എം.ആർ. വർക്കേഴ്സ്, കണ്ടിജന്റ് വർക്കേഴ്സ്, സീസണൽ ലേബേഴ്സ്, എന്നിവരും, "സർക്കാർ ജീവനക്കാർ" എന്നതിന്റെ പരിധിയിൽ വരുന്നതാണെന്ന നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം മന്ത്രിസഭയുടെ മുൻപാകെ സമർപ്പിക്കുകയും, മന്ത്രിസഭായോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25.09.2018 ലെ സ.ഉ (കൈ) 41/2018/വനം പ്രകാരം ശ്രീ. സജിൻരേഷിന് ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. സമാനമായി , ശ്രീ. മനു വിജയന് ആശ്രിത നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .ശ്രീ. സജിൻരേഷിന് ആശ്രിത നിയമനം നൽകുന്ന വിഷയത്തിൽ നിയമ വകുപ്പ് നൽകിയ റിമാർക്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

8. ഈ സാഹചര്യത്തിൽ, വനംവകുപ്പിൽ ദിവസ വേതന വാച്ചർ ആയിരിക്കെ മരണപ്പെട്ട ശ്രീ. എൻ വിവേകാനന്ദന്റെ മകൾ ആതിര എൻ.വി യ്ക്ക്, ശ്രീ വിവേകാനന്ദന്റെ സേവനം റഗുലറൈസ് ചെയ്യാതെ തന്നെ, ഇത് ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് ആശ്രിതനിയമനം നൽകുന്നതിന് അനുമതി നല്കുന്ന കാര്യം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

9. തുടർന്ന് 24/05/1999-ലെ ജി.ഒ.(പി) നം. 12/99/പി. & എ.ആർ.ഡി. നമ്പർ ഉത്തരവിലെ ഖണ്ഡിക 20-ൽ നിഷ്കർഷിച്ചിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷകയിൽ നിന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കുകയുണ്ടായി. കുമാരി ആതിര എസ്.എസ്.എൽ.സി, ഡിപ്ലോമ ഇൻ ഫ്രാങ്ക്ഫിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയർ ഹോസ്റ്റസ് ട്രെയിനിംഗ് എന്നീ കോഴ്സുകൾ പാസായിട്ടുണ്ട്. ടിയാളുടെ ജനനതീയതി 02.03.1993 ആണ്. ടിയാള്ക്ക് 29 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാളുടെ വാർഷിക വരുമാനം 1,20,000/- രൂപയാണ്. താല്ക്കാലിക ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലിക്ക് അർഹതയുള്ളതായി കാണുന്നില്ലെന്നും കുമാരി. ആതിരയുടെ അർഹത സംബന്ധിച്ച് സർക്കാർ തല പരിശോധനയ്ക്ക് വിധേയമായി ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും ജില്ലാ കളക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

10. നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്.

'The deceased Vivekanandan was a daily watcher. Appointment on compassionate ground would be illegal in the absence of any scheme commensurate with the constitutional principles. G.O.(P) No. 12/99/P & ARD states the category of 'government servants' whose dependents are eligible for compassionate employment. 'Government servants' shall include contingent and work establishment personnel, part -time employees, N.M.R. workers, seasonal employees under various Government Departments, permanent labourers of the Agricultural Department and panchayath employees. Daily wagers are not covered under the scheme. The deceased Vivekanandan who completed more than 20 years of service was not regularised along with his 234 co-workers on account of pendency of a criminal case against him. Later on the case was decided in his favour. So the Government can exercise its discretionary power taking it as a special case on consideration of these extra ordinary circumstances'.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

വനം വന്യജീവി വകുപ്പിൽ ദിവസ വേതന വാച്ചർ ആയിരിക്കെ മരണപ്പെട്ട ശ്രീ. എൻ വിവേകാനന്ദന്റെ മകൾ കുമാരി ആതിര. എൻ.വി ക്ക്, ഇത് ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലർക്കായി ജോലി നൽകുന്നതിന് അനുമതി നൽകാമോ?

37

<u>രഹസ്യം</u>

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-06-2022

ഫയൽ നം. എഫ്3/157/2018/വനം. ഇനം നം: 886

വിഷയം : വനം-വന്യജീവി വകുപ്പ് - വനം-വന്യജീവി വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ വാച്ചറായി സേവനത്തിലിരിക്കെ, 30.01.2016-ൽ മരണപ്പെട്ട ശ്രീ. എൻ. വിവേകാനന്ദന്റെ മകൾ കുമാരി. ആതിര എൻ.വി.-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

R
1/7

JS: FxWL (F).

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- സമാശ്വാസ തൊഴിൽദാന പദ്ധതി-വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി നോക്കി വരവേ അന്തരിച്ച വിവേകാനന്ദന്റെ മകൾ കുമാരി. ആതിര.എൻ.വി.യ്ക്ക് വനം വന്യജീവി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.36/2022/F&WLD തീയതി, തിരുവനന്തപുരം, 01-07-2022.

---

പരാമർശം:-

1. സ.ഉ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. കുമാരി.ആതിര.എൻ.വി, ആതിര മന്ദിരം, അണ്ടൂർ, മണലിൽ പി. ഒ, കൊല്ലം- 691312 സമർപ്പിച്ച 29.05.2018 , 15.09.2021 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25.06.2019, 24.01.2022 തീയതികളിലെ ഇ6-26122/2018 നമ്പർ കത്തും അനുബന്ധരേഖകളും.
4. കൊല്ലം ജില്ലാ കളക്ടറുടെ 24.05.2022 ലെ DCKLM/2196/2022-S4 നമ്പർ കത്തും അനുബന്ധ രേഖകളും.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റേഞ്ചിലെ പ്ലാന്റേഷനുകളിൽ ദിവസവേതന വാച്ചർ ആയി ജോലി നോക്കിയിരുന്നതും 30.10.2016 ൽ മരണപ്പെടുകയും ചെയ്ത വിവേകാനന്ദന്റെ മകൾ കുമാരി. ആതിര.എൻ.വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി പരാമർശം (2) ലെ 29.05.2018 തീയതിയിലെ അപേക്ഷ സമർപ്പിച്ചിരുന്നു.

2. വനം വകുപ്പിൽ 14.05.2015 ലെ സ.ഉ(കൈ) നമ്പർ 29/2015/വനം, 28.12.2015 ലെ സ.ഉ(കൈ) നമ്പർ 110/2015/വനം പ്രകാരം, 20 വർഷത്തിൽ കൂടുതലായി തുടർച്ചയായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തവരെ സ്ഥിരപ്പെടുത്തിയപ്പോൾ, സ്ഥിരപെടുത്താൻ മേൽ വ്യവസ്ഥകൾ പ്രകാരം വിവേകാനന്ദന് അർഹതയുണ്ടായിരുന്നു എങ്കിലും പ്ലാന്റേഷൻ തീ കത്തിയതുമായി ബന്ധപ്പെട്ട കേസ് നിലവിലുണ്ടായിരുന്നതിനാൽ, ടിയാനെ സ്ഥിരപ്പെടുത്തിയിരുന്നില്ല. എന്നാൽ ടി കേസിൽ ടിയാനെ പിന്നീട് കുറ്റവിമുക്തനാക്കുകയും

തുടർന്ന് 30.10.2016 ൽ മരണപ്പെട്ടുകയും ചെയ്തു.

3. കുമാരി.ആതിര.എൻ.വി പരാമർശം (1) ലെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷ 15.09.2021 ൽ പരാമർശം (2) പ്രകാരം സമർപ്പിക്കുകയും, പ്രസ്തുത അപേക്ഷ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (3) പ്രകാരം സർക്കാരിന് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (4) പ്രകാരം കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

4. പരേതന്റെ മറ്റ് അനന്തരാവകാശികൾ അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്. കുമാരി ആതിര എസ്.എസ്.എൽ.സി, ഡിപ്ലോമ ഇൻ ഫ്രാങ്ക്ഫിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയർ ഹോസ്റ്റസ് ട്രെയിനിംഗ് എന്നീ കോഴ്സുകൾ പാസായിട്ടുണ്ട്. ടിയാളുടെ ജനനതീയതി 02.03.1993 ആണ്. ടിയാൾക്ക് 29 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാളുടെ കുടുംബ വാർഷിക വരുമാനം 1,20,000/- ആണ്.

5. സർക്കാർ ഇക്കാര്യം പരിശോധിക്കുയുണ്ടായി. വനം വന്യജീവി വകുപ്പിൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റേഞ്ചിലെ പ്ലാന്റേഷനുകളിൽ ദിവസവേതന വാച്ചർ ആയി ജോലി നോക്കിയിരുന്നതും, 30.10.2016 ൽ മരണപ്പെട്ടുകയും ചെയ്ത വിവേകാനന്ദന്റെ മകൾ കുമാരി. ആതിര.എൻ.വി. യ്ക്ക്, ഇതൊരു പ്രതേക കേസായി പരിഗണിച്ച്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, വനം വന്യജീവി വകുപ്പിൽ കൊല്ലം ജില്ലയിൽ, 26,500-60,700 രൂപ ശമ്പള സ്കെയിലിൽ ക്ലർക്ക് തസ്തികയിൽ ജോലി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

6 . അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, ടിയാൾക്ക് നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പുറപ്പെടുവിക്കുന്നതാണ്.

7. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ജില്ലാ കളക്ടർ, കൊല്ലം.

കുമാരി.ആതിര.എൻ.വി, ആതിര മന്ദിരം, അണ്ടത്തൂർ, മണലിൽ പി. ഒ, കൊല്ലം- 691 312. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ( എ & ഇ ), കേരള, തിരുവനന്തപുരം.

പൊതുഭരണ(എസ്.സി) വകുപ്പ്. (ഇനം നമ്പർ 886, തീയതി 29.06.2022).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 01-07-2022 17:22:04**
സെക്ഷൻ ഓഫീസർ.

പകർപ്പ്- ബഹു. വനം വന്യജീവി വകുപ്പമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

41

**Note # 14**

1738394/Agri-A2/38/2021-FIN Finance(Agri A)Department
1727853/FWLD-F3/64/2021-FWLD 13/09/2021

മരണമടഞ്ഞ ദിവസവേതനാടിസ്ഥാനത്തിലെ ജീവനക്കാരന്റെ ആശ്രിതനു നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനോട് യോജിക്കുവാനാകില്ലെന്ന് ഭരണ വകുപ്പിനെ അറിയിയ്ക്കുന്നതോടൊപ്പം വകുപ്പുകളിലെല്ലാം ക്രമീകരണം നടക്കുന്നത് അവരുടെ മുമ്പുള്ള 10 - 20 വർഷത്തെ സേവനം പരിഗണിച്ചായതിനാൽ, വിവിധ വകുപ്പുകളിൽ നിന്നും ക്രമീകരിക്കപ്പെടാതെ മരണപ്പെട്ടവരുടെ ആശ്രിതരിൽ നിന്നും സമാനമായ ആവശ്യം ഉയരുകയും അത് വളരെ അധികം സാമ്പത്തിക ബാധ്യത വരുത്തുമെന്നും ശ്രദ്ധയിപ്പെടുത്തുന്നു. ഇതിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര, നിയമ വകുപ്പുകളുടെ അഭിപ്രായം കൂടി ആരാഞ്ഞ് ഭരണവകുപ്പ് ഉചിത തലത്തിൽ തീരുമാനമെടുക്കേണ്ടതാണെന്നും അറിയിക്കുന്നു.

ധനകാര്യ ജോയിന്റ് സെക്രട്ടറിക്ക് വേണ്ടി

**14/09/2021 12:55 PM**

**P.VIJAYALEKSMI**
**US(AGRI A, FIN)**



Generated from eOffice by SMITHA V V, ASO (F3) F&WLD, ASO (F3) F&WLD, F&WLD on 04/08/2023 12:11 PM

81466/2022/(F) F&WLD

1022

42

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്3/64 /2021/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വന്യജീവി വകുപ്പിൽ ദിവസവേതനാടിസ്ഥ ത്തിൽ ജോലി നോക്കി വരവേ കാട്ടാന ആക്രമണത്തിൽ മരണപ്പെട്ട നാഗരാജിന്റെ ഭാര്യ ശ്രീമതി.ചിത്രാദേവിക്ക് വനം വകുപ്പിൽ വാ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃ സ്ഥിരനിയമനം നൽകുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20/07/2022. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ<br>ഉണ്ട്. ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, നിയമ വക ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ്.ജി.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ് കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 03/08/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/08/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23/08/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24/08/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വന്യജീവി വകുപ്പിൽ, ചിന്നാർ വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട നാഗരാജിന്റെ ഭാര്യയായ ശ്രീമതി. ചിത്രാ ദേവിയ്ക്ക് വനം വകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2. വനം വന്യജീവി വകുപ്പിൽ ചിന്നാർ വന്യജീവി സങ്കേതത്തിൽപ്പെട്ട ചുങ്കം സാൻഡൽ പിക്കറ്റിൽ ദിവസ കൂലി വാച്ചറായി ജോലി ചെയ്തിരുന്ന ശ്രീ.നാഗരാജ് കാട്ടാനയുടെ ആക്രമണത്തെ തുടർന്ന് 13/12/2018-ൽ മരണപ്പെടുകയുണ്ടായി. 03.11.2019 ലെ സ.ഉ(കൈ)31/2019/വനം നമ്പർ ഉത്തരവ് പ്രകാരം 20 വർഷമായി വനംവകുപ്പിൽ താൽക്കാലികാടിസ്ഥാന ത്തിൽ ജോലി നോക്കിയവരെ സ്ഥിരപ്പെടുത്തിയതിൽ ഉൾപ്പെട്ട ആളാണ് ശ്രീ.നാഗരാജ്. ടിയാന്റെ മരണ ശേഷമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടിയാന്റെ മരണത്തെ തുടർന്നുണ്ടായ ജനപ്രക്ഷോഭങ്ങളും കുടുംബത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥയും കണക്കിലെടുത്ത് നാഗരാജിന്റെ ഭാര്യയായ ശ്രീമതി. ചിത്രാദേവിയ്ക്ക് 01/04/2019 മുതൽ ചിന്നാർ വന്യജീവി സങ്കേതത്തിൽ താൽക്കാലിക വാച്ചർ ആയി നിയമനം നൽകിയിട്ടുള്ളതായി മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടി കുടുംബത്തിന് 3 ലക്ഷം രൂപ നഷ്ട പരിഹാരവും നൽകുകയുണ്ടായി.

3. സ്ഥിര നിയമനം ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ചിത്രാദേവി അപേക്ഷ സമർപ്പിച്ചിരുന്നു. സാമൂഹികമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപെട്ടവരാണ് നാഗരാജിന്റെ കുടുംബം എന്നും, ശ്രീമതി. ചിത്രാദേവിയുടെ അപേക്ഷ അനുഭാവപൂർവം പരിഗണിക്കണ

മെന്നും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിരുന്നു .

4. ശ്രീമതി. ചിത്രാദേവിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനത്തിന് അർഹതയില്ലാത്തതിനാൽ, വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, പ്രസ്തുത തസ്തിക ടിയാൾ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുമെന്ന വ്യവസ്ഥയിൽ, ടിയാളെ നിയമിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ, ടി വകുപ്പ് താഴെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" മരണമടഞ്ഞ ദിവസവേതനാടിസ്ഥാനത്തിലെ ജീവനക്കാരന്റെ ആശ്രിതനു നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനോട് യോജിക്കുവാനാകില്ലെന്ന് ഭരണ വകുപ്പിനെ അറിയിയ്ക്കുന്നതോടൊപ്പം വകുപ്പുകളിലെല്ലാം ക്രമീകരണം നടക്കുന്നത് അവരുടെ മുമ്പുള്ള 10-20 വർഷത്തെ സേവനം പരിഗണിച്ചായതിനാൽ, വിവിധ വകുപ്പുകളിൽ നിന്നും ക്രമീകരിക്കപ്പെടാതെ മരണപ്പെട്ടവരുടെ ആശ്രിതരിൽ നിന്നും സമാനമായ ആവശ്യം ഉയരുകയും അത് വളരെ അധികം സാമ്പത്തിക ബാധ്യത വരുത്തുമെന്നും ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര, നിയമ വകുപ്പുകളുടെ അഭിപ്രായം കൂടി ആരാഞ്ഞ് ഭരണവകുപ്പ് ഉചിത തലത്തിൽ തീരുമാനമെടുക്കേണ്ടതാണെന്നും അറിയിക്കുന്നു."

5. പ്രസ്തുത വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" സർവീസിലിരിക്കേ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സൂപ്പർ ന്യൂമററി

തസ്തികയിൽ നിയമിക്കപ്പെടുന്നവരുടേയോ താൽക്കാലിക നിയമനം ലഭിക്കുന്നവരുടേയോ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയില്ല. ചട്ടപ്രകാരം ചിത്രാദേവിക്ക് ആശ്രിത നിയമനം അനുവദിക്കാൻ കഴിയില്ല. സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽ നിന്നും ഉത്തരവുകളോ വ്യവസ്ഥകളോ പുറപ്പെടുവിച്ചിട്ടില്ല. ആകയാൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഈ വകുപ്പിന് പ്രത്യേകിച്ച് അഭിപ്രായമൊന്നും നൽകാനില്ല ടി വിവരം ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്. "

6. തുടർന്ന്, നിയമ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

" ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 26.05.2022 ലെ അഭിപ്രായത്തോട് നിയമ വകുപ്പ് യോജിക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ് ".

7. വനംവകുപ്പിൽ എൻ.എം.ആർ വ്യവസ്ഥയിൽ താൽക്കാലിക പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ പാമ്പ് കടിയേറ്റതിനെ തുടർന്ന് മരണപ്പെട്ട ശ്രീ. ശോഭിയുടെ വിധവയായ ശ്രീമതി ഷാനിബ എൻ.കെ- യ്ക്ക്, മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകി 26.09.2019-ലെ സ.ഉ(കൈ)നം.27/2019/വനം പ്രകാരം ഉത്തരവായിരുന്നു. മറ്റൊരു കേസിൽ, കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീ ബിജു അഞ്ചാനിക്കൽ എന്നയാളുടെ വിധവയായ ശ്രീമതി കത്രീനയ്ക്ക് ആറളം വന്യജീവി സങ്കേതത്തിൽ പുതുതായി അനുവദിച്ച പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ, 26.02.2019-ലെ സ.ഉ(കൈ)നം.8/2019/വനം പ്രകാരം നിയമനം നൽകി ഉത്തരവായിട്ടുണ്ട്. സമാനമായി, കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട

ശ്രീ.വി.വി സുബ്രഹ്മണ്യത്തിന്റെ മകൻ ശ്രീ. വി.എസ് ലാല്വവിന് 30.07.2012-ലെ സ.ഉ(കൈ)നം.93/2012/വനം ഉത്തരവ് പ്രകാരം വനം വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച നിയമനം നൽകിയിട്ടുണ്ട്.

8. വിവിധ ദുരന്തങ്ങൾ ബാധിക്കപെട്ടവർക്ക് സർക്കാർ സമാശ്വാസമായി തൊഴിൽ നൽകി വരുന്നുണ്ട്. വിവിധ ദുരന്തങ്ങൾ ബാധിച്ചവർക്ക് സമാശ്വാസമായി തൊഴിൽ നൽകുന്നതിന് മന്ത്രിസഭാ യോഗം തീരുമാനമെടുത്തു കഴിഞ്ഞാൽ നിയമനം നൽകാൻ തീരുമാനിച്ചിരിക്കുന്ന സർക്കാർ വകുപ്പിലോ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലോ ക്ലാസ് III, ക്ലാസ് IV, പാർട്ട് ടൈം കണ്ടിജന്റ് തുടങ്ങിയ തസ്തികകളിൽ നിയമിക്കപ്പെടാൻ വേണ്ടി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകേണ്ടതാണെന്ന് 23.03.2018-ലെ സ.ഉ(കൈ) നം.71/2018/പൊഭവ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

9. സമാനമായ കേസുകളിൽ സർക്കാർ സ്വീകരിച്ച നിലപാട് കണക്കിലെടുത്തു കൊണ്ടും, മാനുഷിക പരിഗണന നൽകി, ശ്രീമതി. ചിത്രാദേവിക്ക്, വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, നിയമനം നൽകാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി

## തീരുമാനിക്കേണ്ട വിഷയം

വനം വന്യജീവി വകുപ്പിൽ ചിന്നാർ വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട നാഗരാജിന്റെ ഭാര്യ ശ്രീമതി. ചിത്രാദേവിക്ക്,

ധനകാര്യ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര, നിയമ വകുപ്പുകളുടെ അഭിപ്രായം മറികടന്നു കൊണ്ട്, മാനുഷിക പരിഗണന കണക്കിലെടുത്തും, ഒരു പ്രത്യേക കേസായി പരിഗണിച്ചും, വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ 23,000-50,200/-രൂപ ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകാവുന്നതാണോ ?

- ശ്രീമതി. ചിത്രാദേവിക്ക് വേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൾ വിരമിക്കുന്നതോടെ ഇല്ലാതാകുന്നതാണ്.
- സൂപ്പർന്യൂമററി തസ്തികയിൽ ജോയിൻ ചെയ്യുന്ന തീയതി മുതൽ മാത്രമേ സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.
- വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകളിലെ ഒഴിവിലേക്ക് ടിയാളുടെ നിയമനം ക്രമീകരിച്ചു നൽകരുത്.

81408/2022/(F) F&WLD

48

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-08-2022

ഫയൽ നം. എഫ്3/64/2021/വനം. ഇനം നം: 1022

വിഷയം : വനം-വന്യജീവി വകുപ്പ് - വനം വന്യജീവി വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട നാഗരാജിന്റെ ഭാര്യയായ ശ്രീമതി. ചിത്രാദേവിക്ക് വനം വകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-വനം വന്യജീവി വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി നോക്കി വരവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട നാഗരാജിന്റെ ഭാര്യ ശ്രീമതി.ചിത്രാദേവിക്ക്, വ്യവസ്ഥകൾക്ക് വിധേയമായി വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.46/2022/F&WLD തീയതി, തിരുവനന്തപുരം, 01-09-2022.

പരാമർശം:-
1. 23.03.2018 ലെ സ.ഉ.(കൈ) നം. 71/2018/പൊഭവ നമ്പർ ഉത്തരവ്.
2. ശ്രീമതി.ചിത്രാദേവി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച 14.01.2020 ലെ അപേക്ഷ.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25.02.2021, 01.08.2022 തീയതികളിലെ ഇ6/1127/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ ചിന്നാർ വന്യജീവി സങ്കേതത്തിൽപ്പെട്ട ചുങ്കം സാൻഡൽ പിക്കറ്റിൽ ദിവസ കൂലി വാച്ചറായി ജോലി ചെയ്തിരുന്ന നാഗരാജ് കാട്ടാനയുടെ ആക്രമണത്തെ തുടർന്ന് 13/12/2018-ൽ മരണപ്പെടുകയുണ്ടായി. 03.11.2019 ലെ സ.ഉ(കൈ)31/2019/വനം നമ്പർ ഉത്തരവ് പ്രകാരം 2 0 വർഷമായി വനംവകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിയവരെ സ്ഥിരപ്പെടുത്തിയതിൽ ഉൾപ്പെട്ട ആളാണ് നാഗരാജ്. ടിയാന്റെ മരണ ശേഷമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടിയാന്റെ കുടുംബത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് നാഗരാജിന്റെ ഭാര്യയായ ശ്രീമതി. ചിത്രാദേവിയ്ക്ക് ചിന്നാർ വന്യജീവി സങ്കേതത്തിൽ താൽക്കാലിക വാച്ചർ ആയി നിയമനം നൽകുകയുണ്ടായി.

2. സ്ഥിര നിയമനം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി. ചിത്രാദേവി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുഭാവപൂർവം പരിഗണിക്കണമെന്ന ശുപാർശയോടെ, ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (3) പ്രകാരം സർക്കാറിന് സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വിവിധ ദുരന്തങ്ങൾ ബാധിച്ചവർക്ക് സമാശ്വാസമായി തൊഴിൽ നൽകുന്നതിന് തീരുമാനമെടുത്തു കഴിഞ്ഞാൽ നിയമനം നൽകാൻ തീരുമാനിച്ചിരിക്കുന്ന സർക്കാർ വകുപ്പിലോ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ

വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലോ ക്ലാസ് III, ക്ലാസ് IV, പാർട്ട് ടൈം കണ്ടിജന്റ് തുടങ്ങിയ തസ്തികകളിൽ നിയമിക്കപ്പെടാൻ വേണ്ടി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകേണ്ടതാണെന്ന് പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, സമാനമായ കേസുകളിൽ സർക്കാർ സ്വീകരിച്ച നിലപാട് കണക്കിലെടുത്തു കൊണ്ടും, മാനുഷിക പരിഗണന നൽകി, പ്രത്യേക കേസായി പരിഗണിച്ച്, വനം വന്യജീവി വകുപ്പിൽ ചിന്നാർ വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട നാഗരാജിന്റെ ഭാര്യ ശ്രീമതി. ചിത്രാദേവിക്ക് വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ 23,000-50,200/-രൂപ ശമ്പള സ്കെയിലിൽ, താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, സൂപ്പർ ന്യൂമററി സ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ശ്രീമതി. ചിത്രാദേവിക്ക് വേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൾ വിരമിക്കുന്നതോടെ ഇല്ലാതാകുന്നതാണ്.
- സൂപ്പർന്യൂമററി തസ്തികയിൽ ജോയിൻ ചെയ്യുന്ന തീയതി മുതൽ മാത്രമേ സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.
- വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകളിലെ ഒഴിവിലേക്ക് ടിയാളുടെ നിയമനം ക്രമീകരിച്ച് നൽകരുത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീമതി. ചിത്രാദേവി, W/o നാഗരാജ്, ഹൗസ് നമ്പർ 198/8,മറയൂർ പി ഒ, പട്ടിക്കാട്-685 620. (രജിസ്റ്റേർഡ് തപാൽ മടക്കരസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ്( 31-08-2022 ലെ ഇനം നം.1022 പ്രകാരം).
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 02-09-2022 10:39:36**
സെക്ഷൻ ഓഫീസർ.

പകർപ്പ്

വനം വന്യജീവി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

52

**Note # 59**

2067758/Agri-A2/57/2022-FIN Finance(Agri A)Department
1586307/ FWLD-F3/138/2020-FWLD 18.05.2022

താത്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കാൻ നിർവാഹമില്ലെന്ന് അറിയിക്കുന്നു.

ധനകാര്യ അഡീഷണൽ സെക്രട്ടറിക്ക് വേണ്ടി

25/05/2022 03:58 PM

PADMAKUMAR S
SO(AGRI A,FIN)

---



Generated from eOffice by SMITHA V V, ASO (F3) F&WLD, ASO (F3) F&WLD, F&WLD on 04/08/2023 12:16 PM

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്3/138 /2020/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | കാട്ടുതീ അണയ്ക്കുന്നതിനിടയിൽ മരണപ്പെട്ട വന വന്യജീവി വകുപ്പിലെ പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷനിലെ താൽക്കാലിക വാച്ചർമാരായ വേലായുധൻ.എ.കെയുടെ മകൻ ശ്രീ. സുബീഷ്.കെ.വിയ്ക്ക് വാച്ചർ തസ്തികയില്ല ശങ്കരൻ.വി.എ. യുടെ മകൻ ശ്രീ. ശരത്ത്. വി.എസ്-ന ഓഫീസ് അറ്റൻഡന്റ് തസ്തികയിലും സൂപ്പർന്യൂമറ തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06/08/2022. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തി നുള്ള കറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ<br>ഉണ്ട്. ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമ വകുപ്പ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ്.ജി.ആർ |
| 8 | കറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ് കമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 16/08/2022 |
| 10 | കറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/08/2022 |
| 12 | കറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23/08/2022 |
| 14 | കറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 25/08/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാട്ടുതീ അണയ്ക്കുന്നതിനിടയിൽ മരണപ്പെട്ട പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷനിലെ താൽക്കാലിക വാച്ചർമാരായ വേലായുധൻ എ. കെ.യുടെ മകൻ ശ്രീ. സുബീഷ്. കെ.വി.യ്ക്ക് വാച്ചർ തസ്തികയിലും, ശങ്കരൻ വി. എ. യുടെ മകൻ ശ്രീ. ശരത്ത് വി.എസ്-ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലും സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2. 16.02.2020 ൽ വനം വന്യജീവി വകുപ്പിൽ പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷന്റെ കൊമ്പത്തൂർ ഭാഗത്തുണ്ടായ കാട്ടുതീ അണയ്ക്കുന്നതിനിടയിൽ മാരകമായി പൊള്ളലേറ്റ് ടി സ്റ്റേഷനിലെ എൻ.എം.ആർ വ്യവസ്ഥയിൽ താൽക്കാലിക വാച്ചർമാരായ വേലായുധൻ എ.കെ, ശങ്കരൻ വി.എ എന്നിവർ മരണപ്പെടുകയുണ്ടായി. വേലായുധൻ.എ. കെ സംഭവ സ്ഥലത്ത് വെച്ചും 99% പൊള്ളൽ ഏറ്റ ശങ്കരൻ വി. എ തൃശ്ശൂർ ജൂബിലി മെഡിക്കൽ ആശുപത്രിയിൽ വെച്ചും അന്നേ ദിവസം മരണപ്പെടുകയുണ്ടായി. വേലായുധൻ എ. കെ, ശങ്കരൻ വി.എ) എന്നിവർ പട്ടിക ജാതി പുലയ വിഭാഗത്തിൽപ്പെട്ടവരും സർക്കാർ നൽകിയ കോളനിയിൽ താമസിച്ച് വരുന്നവരും ആയിരുന്നു.

3. വേലായുധന്റെ മകനായ ശ്രീ. സുബീഷ്. കെ. വി.യ്ക്ക് പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷനിൽ താത്കാലിക ഡ്രൈവർ ആയും, ശങ്കരന്റെ മകനായ ശ്രീ. ശരത്ത് വി.എസ്-ന് താത്കാലിക വാച്ചർ ആയും താൽക്കാലിക നിയമനം നൽകിയിട്ടുള്ളതായി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിരുന്നു.

4. അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്തു വരുന്ന താൽക്കാലിക ജീവനക്കാർ വനസംരക്ഷണ പ്രവർത്തനങ്ങളിൽ മുഖ്യ പങ്കാണ്

വഹിക്കുന്നതെന്നും വനം വകുപ്പിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായി ഉണ്ടായ ടി ദുരന്തത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ഒഴിവിലേയ്ക്കോ അല്ലാത്ത പക്ഷം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുകയോ ചെയ്യണമെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്യുകയുണ്ടായി .

5. തുടർന്ന് വേലായുധന്റെ മകനായ ശ്രീ സുബീഷ്.കെ. വി., ശങ്കരന്റെ മകനായ ശ്രീ. ശരത്.വി.എസ്. എന്നിവർ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയുണ്ടായി ശ്രീ. ശരത്ത്. വി.എസ് ക്ലർക്ക്/ഓഫീസ് അറ്റൻഡ് തസ്തികയിലേയ്ക്കും, ശ്രീ. സുബീഷ്.കെ.വി. ഫോറസ്റ്റ് വാച്ചർ/ഡ്രൈവർ തസ്തികയിലേയ്ക്കുമാണ് അപേക്ഷ നല്കിയിട്ടുള്ളത്. ശ്രീ. ശരത്ത് വി.എസ്. എസ്.എസ്.എൽ.സി വിജയിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. സുബീഷ് കെ.വി. എസ്.എസ്.എൽ.സി വിജയിച്ചിട്ടില്ല. മേൽ അപേക്ഷയിൽ, മരണപ്പെട്ട ജീവനക്കാരൻ താത്കാലിക തസ്തികയിൽ സേവനം അനുഷ്ഠിച്ചു വന്നതിനാൽ ആശ്രിത നിയമനത്തിന് സർക്കാർ തലത്തിൽ തീരുമാനം എടുക്കാം എന്ന് ജില്ലാ കളക്ടർ അറിയിക്കുയുണ്ടായി.

6. താൽക്കാലിക ദിവസ വേതനക്കാർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്ന വിഷയം എഫ്/176/2020/വനം ഫയലിൽ പരിശോധിച്ചിരുന്നു. മേൽ ഫയലിൽ, താൽക്കാലിക ദിവസ വേതനക്കാരായ എൻ.എം.ആർ, സീസണൽ, പാർട്ട് ടൈം തൊഴിലാളികളുടെ ആശ്രിതർക്കോ താൽക്കാലിക ദിവസ വേതനക്കാരായി സേവനത്തിലിരിക്കേ സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ ആശ്രിതർക്കോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിന് അർഹതയില്ല എന്ന്

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ നിയമ വകുപ്പും ഇതേ അഭിപ്രായം ലഭ്യമാക്കുകയുണ്ടായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, നിയമ വകുപ്പ് എന്നിവർ നൽകിയ അഭിപ്രായം യഥാക്രമം അനുബന്ധം-1, 11 ആയി ചേർത്തിട്ടുണ്ട്.

7. മേൽ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, ശ്രീ.ശരത്ത്. വി. എസ്, ശ്രീ. സുബീഷ്.കെ.വി. എന്നിവർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സ്ഥിര നിയമനം നൽകുന്നതിനോ അല്ലെങ്കിൽ, സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നതിനോ കഴിയുമോ എന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. ടി വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" താത്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കാൻ നിർവാഹമില്ലെന്ന് അറിയിക്കുന്നു."

8. തുടർന്ന് നിയമ വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി നിയമ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം നൽകുകയുണ്ടായി

- ഭരണവകുപ്പിന്റെ കുറിപ്പ് ഫയലിലെ 33-ാം ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള No.176/F1/2020/FWLD നമ്പർ ഫയലിലെ വിഷയത്തിൽ ഈ വകുപ്പിൽ നിന്നും 1/4/2022 ൽ നം. 1597/Opinion D2/2022/Law നമ്പർ ഫയലിൽ അഭിപ്രായം നൽകിയിട്ടുള്ളതും ആയത് ഈ ഫയലിലെ വിഷയത്തിലും ബാധകമാകുന്നതാണ് എന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."

9. വിവിധ ദുരന്തങ്ങൾ ബാധിക്കപ്പെട്ടവർക്ക് സർക്കാർ സമാശ്വാസമായി തൊഴിൽ നൽകി വരുന്നുണ്ട്. വിവിധ ദുരന്തങ്ങൾ ബാധിച്ചവർക്ക് സമാശ്വാസമായി തൊഴിൽ നൽകുന്നതിന് മന്ത്രിസഭാ യോഗം

തീരുമാനമെടുത്തു കഴിഞ്ഞാൽ നിയമനം നൽകാൻ തീരുമാനിച്ചിരിക്കുന്ന സർക്കാർ വകുപ്പിലോ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലോ ക്ലാസ് III, ക്ലാസ് IV, പാർട്ട് ടൈം കണ്ടിജന്റ് തുടങ്ങിയ തസ്തികകളിൽ നിയമിക്കപ്പെടാൻ വേണ്ടി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകേണ്ടതാണെന്ന് 23.03.2018-ലെ സ.ഉ (കൈ) നം. 71/2018/പൊഭവ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

10. വനം വന്യജീവി വകുപ്പിൽ ദിവസകൂലി വ്യവസ്ഥയിൽ പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ, പാമ്പ് കടിയേറ്റതിനെ തുടർന്ന് മരണപ്പെട്ട രാജേഷ്.എം-ന്റെ ഭാര്യ ശ്രീമതി. രേഖ രാജേഷിന്, ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച്, വനം വകുപ്പിന് കീഴിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, 17.01.2022 തീയതിയിലെ സ.ഉ (കൈ) നം. 5/2022/വനം ഉത്തരവ് പ്രകാരം സ്ഥിര നിയമനം നൽകിയിട്ടുണ്ട്. കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട വി.വി സുബ്രഹ്മണ്യത്തിന്റെ മകൻ ശ്രീ വി.എസ് ലാല്യവിന് 30.07.2012-ാം തീയതിയിലെ സ.ഉ (കൈ) നം. 93/2012/വനം ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട് .

11. മറ്റൊരു കേസിൽ, സ.ഉ (കൈ)നം.8/2019/വനം തീയതി 26.02.2019 ഉത്തരവ് പ്രകാരം, കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീ. ബിജു അഞ്ചാനിക്കൽ എന്നയാളുടെ വിധവയായ ശ്രീമതി. കത്രീനയ്ക്ക് ആറളം വന്യജീവി സങ്കേതത്തിൽ പുതുതായി അനുവദിച്ച പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ വനം വകുപ്പിൽ കോഴിക്കോട് ഡിവിഷനിൽ എൻ. എം. ആർ. വ്യവസ്ഥയിൽ താത്കാലിക പാമ്പ് പിടുത്തക്കാരനായിരുന്ന ശ്രീ. ശോഭിയുടെ വിധവയായ ശ്രീമതി. ഷാനിബയ്ക്ക് മന്ത്രിസഭായോഗ

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വനംവകുപ്പിൽ ക്ലർക്ക് തസ്തികയിൽ റെഗുലർ തസ്തികയിൽ ആശ്രിത നിയമനം നൽകുവാൻ അനുമതി നൽകിക്കൊണ്ട് 26/09/2019-ലെ ജി.ഒ.(എം.എസ്)നം. 27/19/വനം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

12. ഫയൽ ചംക്രമണം ചെയ്യപ്പോൾ, ശ്രീ. ശരത്ത്. വി.എസ്. ശ്രീ. സുബീഷ്.കെ.വി. എന്നിവർക്ക്, യഥാക്രമം ഓഫീസ് അറ്റൻഡന്റ്, വാച്ചർ എന്നീ തസ്തികകളിൽ വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, നിയമനം നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര, നിയമ വകുപ്പുകളുടെ അഭിപ്രായം മറികടന്നു കൊണ്ട്, മാനുഷിക പരിഗണന കണക്കിലെടുത്തും, ഒരു പ്രത്യേക കേസായി പരിഗണിച്ചും, വനം വന്യജീവി വകുപ്പിൽ വടക്കാഞ്ചേരി റേഞ്ചിലെ പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കാട്ടുതീ അണയ്ക്കുന്നതിനിടയിൽ മരണപ്പെട്ട, പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷനിലെ താൽക്കാലിക വാച്ചർമാരായ വേലായുധൻ എ. കെ യുടെ മകൻ ശ്രീ. കെ.വി. സുബീഷിനു വാച്ചർ തസ്തികയിലും ശങ്കരൻ വി . എ -യുടെ മകൻ ശ്രീ. വി.എസ്. ശരത്തിനു ഓഫീസ് അറ്റൻഡന്റ് തസ്തികയിലും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകാവുന്നതാണോ ?

- ടിയാളുകൾക്ക് വേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തികകൾ ടിയാളുകൾ വിരമിക്കുന്നതോടെ ഇല്ലാതാകുന്നതാണ്.
- സൂപ്പർന്യൂമററി തസ്തികയിൽ ജോയിൻ ചെയ്യുന്ന തീയതി മുതൽ മാത്രമേ സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.
- വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകളിലെ ഒഴിവിലേക്ക് ടിയാളുകളുടെ നിയമനം ക്രമീകരിച്ചു നൽകരുത്.

60

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-08-2022

ഫയൽ നം. എഫ്3/138/2020/വനം. ഇനം നം: 1023

വിഷയം : വനം-വന്യജീവി വകുപ്പ് - കാട്ടുതീ അണയ്ക്കുന്നതിനിടയിൽ മരണപ്പെട്ട വനം വന്യജീവി വകുപ്പിലെ പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷനിലെ താൽക്കാലിക വാച്ചർമാരായ വേലായുധൻ എ കെ-യുടെ മകൻ ശ്രീ. സുബീഷ് കെ വി-യ്ക്ക് വാച്ചർ തസ്തികയിലും ശങ്കരൻ വി എ-യുടെ മകൻ ശ്രീ. ശരത്ത് വി എസ്.-ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലും സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-കാട്ടുതീ അണയ്ക്കുന്നതിനിടയിൽ മരണപ്പെട്ട പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷനിലെ താൽക്കാലിക വാച്ചർമാരായ വേലായുധൻ എ.കെ.യുടെ മകൻ ശ്രീ സുബീഷ്. കെ.വി.യ്ക്ക് വാച്ചർ തസ്തികയിലും, ശങ്കരൻ വി. എ. യുടെ മകൻ ശ്രീ ശരത്ത് വി.എസ്-ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലും സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.47/2022/F&WLD തീയതി,തിരുവനന്തപുരം, 03-09-2022.

പരാമർശം:-

1. 23.03.2018 ലെ സ.ഉ.(കൈ) നം. 71/2018/പൊഭവ നമ്പർ ഉത്തരവ്.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19.08.2020, 25.01.2021, 01.09.2021, 14.07.2022 തീയതികളിലെ ഇ6-430/2020 നമ്പർ കത്തുകൾ.
3. ശ്രീ.ശരത്.വി.എസ്, വട്ടപ്പറമ്പിൽ(ഹൗസ്) കൊട്ടുമ്പ്, കുമാരനല്ലൂർ പി ഒ, തൃശ്ശൂർ-680590 സമർപ്പിച്ച 30.04.2021 ലെ അപേക്ഷ.
4. ശ്രീ.സുബീഷ്.കെ.വി, ഇടവനവളപ്പിൽ (ഹൗസ്),ചാത്തൻചിറ കോളനി, കാഞ്ഞിരകോട്, തൃശ്ശൂർ-680590 സമർപ്പിച്ച 29.03.2021 ലെ അപേക്ഷ.
5. തൃശ്ശൂർ ജില്ലാ കളക്ടറുടെ 21.02.2022 ലെ എ6-8684/2021 നമ്പർ കത്തും 17.02.2022 ലെ എ6/8680/2021 നമ്പർ കത്തും.

## ഉത്തരവ്

വനം വന്യജീവി വകുപ്പിൽ, 16.02.2020 ൽ പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷന്റെ കൊമ്പത്തൂർ ഭാഗത്തുണ്ടായ കാട്ടുതീ അണയ്ക്കുന്നതിനിടയിൽ മാരകമായി പൊള്ളലേറ്റ് ടി സ്റ്റേഷനിലെ എൻ.എം.ആർ വ്യവസ്ഥയിൽ താൽക്കാലിക വാച്ചർമാരായ വേലായുധൻ എ.കെ, ശങ്കരൻ വി.എ എന്നിവർ മരണപ്പെടുകയുണ്ടായി. തുടർന്ന് വേലായുധന്റെ മകനായ ശ്രീ. സുബീഷ്. കെ. വി.യ്ക്ക് പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷനിൽ താത്കാലിക ഡ്രൈവർ ആയും, ശങ്കരന്റെ മകനായ ശ്രീ. ശരത്ത് വി.എസ്-ന് താത്കാലിക വാച്ചർ ആയും താൽക്കാലിക നിയമനം നൽകുകയുണ്ടായി.

2. അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്തു വരുന്ന താൽക്കാലിക ജീവനക്കാർ വനസംരക്ഷണ പ്രവർത്തനങ്ങളിൽ മുഖ്യ പങ്കാണ് വഹിക്കുന്നതെന്നും, വനം വകുപ്പിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായി ഉണ്ടായ ടി ദുരന്തത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് വിദ്യാഭ്യാസ

യോഗ്യതയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ഒഴിവിലേയ്ക്കോ അല്ലാത്ത പക്ഷം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുകയോ ചെയ്യണമെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് വേലായുധന്റെ മകനായ ശ്രീ. സുബീഷ്.കെ. വി., ശങ്കരന്റെ മകനായ ശ്രീ. ശരത്.വി.എസ്. എന്നിവർ പരാമർശം (3), (4) എന്നിവ പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയുണ്ടായി. മരണപ്പെട്ട ജീവനക്കാർ താത്കാലിക തസ്തികയിൽ സേവനം അനുഷ്ഠിച്ച് വന്നതിനാൽ ആശ്രിത നിയമനത്തിന് സർക്കാർ തലത്തിൽ തീരുമാനം എടുക്കാം എന്ന് പരാമർശം (5) പ്രകാരം ജില്ലാ കളക്ടർ അറിയിക്കുയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. വിവിധ ദുരന്തങ്ങൾ ബാധിച്ചവർക്ക് സമാശ്വാസമായി തൊഴിൽ നൽകുന്നതിന് തീരുമാനമെടുത്തു കഴിഞ്ഞാൽ നിയമനം നൽകാൻ തീരുമാനിച്ചിരിക്കുന്ന സർക്കാർ വകുപ്പിലോ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലോ ക്ലാസ് III, ക്ലാസ് IV, പാർട്ട് ടൈം കണ്ടിജന്റ് തുടങ്ങിയ തസ്തികകളിൽ നിയമിക്കപ്പെടാൻ വേണ്ടി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകേണ്ടതാണെന്ന് പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. പ്രസ്തുത സാഹചര്യത്തിൽ, സമാനമായ കേസുകളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് കണക്കിലെടുത്തു കൊണ്ടും, മാനുഷിക പരിഗണന നൽകിയും, പ്രത്യേക കേസായി പരിഗണിച്ച്, വനം വന്യജീവി വകുപ്പിൽ, കാട്ടുതീ അണയ്ക്കുന്നതിനിടയിൽ മാരകമായി പൊള്ളലേറ്റ് മരണപ്പെട്ട പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷനിലെ താൽക്കാലിക വാച്ചർമാരായ വേലായുധൻ എ. കെ യുടെ മകൻ ശ്രീ. കെ.വി. സുബീഷിന് വാച്ചർ തസ്തികയിലും, ശങ്കരൻ വിഎ.യുടെ മകൻ ശ്രീ. വി.എസ്. ശരത്തിന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലും, താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ടിയാളുകൾക്ക് വേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തികകൾ ടിയാളുകൾ വിരമിക്കുന്നതോടെ ഇല്ലാതാകുന്നതാണ്.
- സൂപ്പർന്യൂമററി തസ്തികയിൽ ജോയിൻ ചെയ്യുന്ന തീയതി മുതൽ മാത്രമേ സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.
- വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകളിലെ ഒഴിവിലേക്ക് ടിയാളുകളുടെ നിയമനം ക്രമീകരിച്ച് നൽകരുത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശ്ശൂർ.

ശ്രീ.ശരത്.വി.എസ്, വട്ടപ്പറമ്പിൽ(ഹൗസ്) കൊട്ടുമ്പ്, കുമാരനല്ലൂർ പി ഒ, തൃശ്ശൂർ-680 590. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).

ശ്രീ.സുബീഷ്.കെ.വി, ഇടവനവളപ്പിൽ (ഹൗസ്),ചാത്തൻചിറ കോളനി, കാഞ്ഞിരകോട്, തൃശ്ശൂർ-680590. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.

പൊതുഭരണ(എസ്.സി) വകുപ്പ്.( 31.08.2022 ലെ ഇനം നം. 1023 പ്രകാരം).

ധനകാര്യ വകുപ്പ്.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shiju P Paul**
**Date: 06-09-2022 15:40:59**
സെക്ഷൻ ഓഫീസർ.

പകർപ്പ്

വനം വന്യജീവി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

65

**Note # 51**

നം. 2369422/Agri-A2/34/2023-FIN Finance(Agri A)Department
നം. 1988478/FWLD-F3/37/2022-FWLD തീയതി: 25.03.2023.

സർവീസിലിരിക്കേ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്നവരുടേയോ താത്ക്കാലിക നിയമനം ലഭിക്കുന്നവരുടേയോ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയില്ല. എന്നാൽ സമാനമായ കേസുകളിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ. ഡി. സുരേഷ്കുമാറിന്റെ മകനായ ശ്രീ. സജിൻരേഷിനും ബി.വിജയന്റെ മകനായ മനു വിജയനും ശ്രീ. ബെന്നി ജയിംസ്.ടി യുടെ മകൻ ശ്രീ.നിതിൻ ബെന്നിയ്ക്കും മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടെങ്കിലും ടി നിയമനങ്ങളിലൊന്നും തന്നെ ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. ആയതിനാൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു.

ധനകാര്യ (വ്യയം) സെക്രട്ടറിയ്ക്കു വേണ്ടി

27/03/2023 04:20 PM

**PADMAKUMAR S**
**SO(AGRI A,FIN)**

---



Generated from eOffice by SMITHA V V, ASO (F3) F&WLD, ASO (F3) F&WLD, F&WLD on 04/08/2023 12:31 PM

1519

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്3/37/2022/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വന്യജീവി വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചർ ആയി ജോലി നോക്കവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ബി.ബൊമ്മന്റെ മകനായ ശ്രീ. ജയരാജൻ.ബി യ്ക്ക് വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19.04.2023. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ<br>ഉണ്ട്. ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, നിയമ വകുപ്പ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഷാജൻ.എ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു.വി. |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29/04/2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04/05/2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 10/05/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 12/05/2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വന്യജീവി വകുപ്പിൽ, സൂപ്പർ ന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചർ ആയി ജോലി നോക്കവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ബി.ബൊമ്മന്റെ മകനായ ശ്രീ. ജയരാജൻ.ബി യ്ക്ക് വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം

2. നോർത്ത് വയനാട് ഡിവിഷന് കീഴിൽ ബേഗുർ റേഞ്ചിൽ ഫോറസ്റ്റ് വാച്ചർ (സൂപ്പർ ന്യൂമററി) തസ്തികയിൽ ജോലി നോക്കി വരവേ 20.09.2016 ന് കാട്ടാനയുടെ ആക്രമണത്തിൽ ബൊമ്മൻ മരണപ്പെട്ടുകയുണ്ടായി. 14.05.2015 ലെ സ.ഉ(കൈ). 29/2015/വനം നമ്പർ ഉത്തരവ് പ്രകാരം, 20 വർഷമായി വനംവകുപ്പിൽ താൽക്കാലികാടി സ്ഥാനത്തിൽ ജോലി നോക്കിയവരെ സ്ഥിരപ്പെടുത്തിയതിൽ ഉൾപ്പെട്ട ആളായിരുന്നു ശ്രീ.ബൊമ്മൻ.

3. ബൊമ്മന്റെ മകനായ ശ്രീ ജയരാജൻ.ബി വനം വന്യജീവി വകുപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഫോറസ്റ്റ് വാച്ചർ തസ്തികയിൽ നിയമനം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ. ജയരാജൻ.ബി ആദിവാസി വിഭാഗത്തിൽപ്പെട്ടയാളും കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതനുമായതിനാൽ ടിയാന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ ചെയ്യുകയുണ്ടായി. ടിയാനെ ട്രൈബൽ വാച്ചർ ആയോ അല്ലെങ്കിൽ മറ്റ് അനുയോജ്യമായ തസ്തികയിലോ നിയമിക്കാവുന്നതാണ്

എന്ന് വയനാട് ജില്ലാ കളക്ടർ ശിപാർശ ചെയ്യുകയുണ്ടായി. ശ്രീ. ജയരാജന് 1-ാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ളതിനാൽ ടിയാന് ഫോറസ്റ്റ് വാച്ചർ(സ്പെഷ്യൽ റിക്രൂട്ട്മെന്റ്) (ട്രൈബൽ വാച്ചറുടെ പരിഷ്കരിച്ച നാമം) തസ്തികയിലേയ്ക്ക് പരിഗണിക്കുവാൻ യോഗ്യതയുണ്ട്.

4. ശ്രീ. ജയരാജൻ.ബി.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്ന വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"അന്തരിച്ച ശ്രീ. ബി. ബൊമ്മന് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലിയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള 14.05.2015 ലെ സ.ഉ. (എം.എസ്) നം. 29/2015/വനം നമ്പർ ഉത്തരവിലെ ഖണ്ഡിക (3) 2-ൽ "ഇത്തരത്തിൽ നിയമിക്കപ്പെടുന്ന സൂപ്പർന്യൂമററി തസ്തികകൾ ടി ജീവനക്കാർ സർവീസിൽ നിന്നും വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണെന്ന്" വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടിയാളുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുവാൻ നിർവാഹമില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

5. തുടർന്ന് നിയമവകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി ടി വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"താൽക്കാലിക ജീവനക്കാരെ മാനുഷിക പരിഗണനയുടെ പേരിൽ ആവശ്യമെങ്കിൽ സൂപ്പർന്യൂമററി തസ്തികയടക്കം സൃഷ്ടിച്ചു കൊണ്ട് സ്ഥിരപ്പെടുത്തുന്നത് നിയമപരമല്ല എന്നും ആയത് State of Karnataka Vs. Umadevi കേസിലെ വിധിന്യായത്തിന് അനുസൃതമല്ല എന്നും ബഹു. സുപ്രീംകോടതി CA.No.1951/2022 നമ്പർ കേസിന്റെ (The State of Gujarat and Ors Vs. R.J Pathan and Ors) 24.03.2022 -ലെ വിധിന്യായത്തിൽ

പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ സൂപ്പർന്യൂമററി തസ്തികകൾ ടി ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ് എന്ന് വിവിധ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിന് അർഹതയില്ല എന്ന് കാണാവുന്നതാണ്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തോട് നിയമ വകുപ്പ് യോജിക്കുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു".

6. ശ്രീ. ജയരാജൻ.ബിയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിൽ ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ചും, അല്ലെങ്കിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് തസ്തിക ടിയാൻ വിരമിക്കുമ്പോൾ ഇല്ലാതാകുമെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നത് സംബന്ധിച്ചും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ, ടി വകുപ്പ് താഴെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

"സർവീസിലിരിക്കേ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്നവരുടേയോ താത്ക്കാലിക നിയമനം ലഭിക്കുന്നവരുടേയോ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയില്ല. എന്നാൽ സമാനമായ കേസുകളിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ. ഡി. സുരേഷ് കുമാറിന്റെ മകനായ ശ്രീ. സജിൻരേഷിനും ബി.വിജയന്റെ മകനായ മനു വിജയനും ശ്രീ. ബെന്നി ജയിംസ്.ടി-യുടെ മകൻ ശ്രീ.നിതിൻ ബെന്നിയ്ക്കും മന്ത്രിസഭാ യോഗ

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടെങ്കിലും ടി നിയമനങ്ങളിലൊന്നും തന്നെ ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. ആയതിനാൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു".

7. വിവിധ ദുരന്തങ്ങൾ ബാധിക്കപ്പെട്ടവർക്ക് സർക്കാർ സമാശ്വാസമായി തൊഴിൽ നൽകി വരുന്നുണ്ട്. വിവിധ ദുരന്തങ്ങൾ ബാധിച്ചവർക്ക് സമാശ്വാസമായി തൊഴിൽ നൽകുന്നതിന് മന്ത്രിസഭാ യോഗം തീരുമാനമെടുത്തു കഴിഞ്ഞാൽ നിയമനം നൽകാൻ തീരുമാനിച്ചിരിക്കുന്ന സർക്കാർ വകുപ്പിലോ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലോ ക്ലാസ് III, ക്ലാസ് IV, പാർട്ട് ടൈം കണ്ടിജന്റ് തുടങ്ങിയ തസ്തികകളിൽ നിയമിക്കപ്പെടാൻ വേണ്ടി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകേണ്ടതാണെന്ന് 23.03.2018-ലെ സ.ഉ. (കൈ) നം.71/2018/പൊഭവ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

8. വനം വകുപ്പിൽ ദിവസക്കൂലി വ്യവസ്ഥയിൽ പാമ്പ് പിടുത്തക്കാരനായി സേവനത്തിലിരിക്കെ, പാമ്പ് കടിയേറ്റതിനെ തുടർന്ന് മരണപ്പെട്ട രാജേഷ്.എം-ന്റെ ഭാര്യ ശ്രീമതി രേഖ രാജേഷിന്, ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച്, വനം വകുപ്പിന് കീഴിൽ വ്യവസ്ഥകൾക്ക് വിധേയമായി വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, 17.01.2022 തീയതിയിലെ സ.ഉ. (കൈ)നം. 5/2022/വനം ഉത്തരവ് പ്രകാരം നിയമനം നൽകിയിട്ടുണ്ട്. മറ്റൊരു കേസിൽ, വനം വന്യജീവി വകുപ്പിൽ കാട്ടുതീ അണയ്ക്കുന്നതിനിടയിൽ മരണപ്പെട്ട പൂങ്ങോട്ട് ഫോറസ്റ്റ് സ്റ്റേഷനിലെ

താൽക്കാലിക വാച്ചർമാരായ വേലായുധൻ എ. കെ.യുടെ മകൻ ശ്രീ സുബീഷ്. കെ.വി.യ്ക്ക് വാച്ചർ തസ്തികയിലും, ശങ്കരൻ വി. എ. യുടെ മകൻ ശ്രീ ശരത്ത് വി.എസ്-ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലും സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നതിന് 03.09.2022 ലെ സ.ഉ. (കൈ) നം. 47/ 2022/വനം പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

9. സമാനമായ കേസുകളിൽ സർക്കാർ സ്വീകരിച്ച നിലപാട് കണക്കിലെടുത്തു കൊണ്ടും, ടിയാൻ ആദിവാസി വിഭാഗത്തിൽപ്പെട്ടയാളും കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതനുമായ തിനാൽ, ശ്രീ. ജയരാജൻ.ബി. യ്ക്ക് വനം വകുപ്പിന് കീഴിൽ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിൽ, ടിയാൻ വിരമിക്കുന്നതോടെ സൃഷ്ടിക്കപ്പെട്ട സൂപ്പർ ന്യൂമററി തസ്തിക ഇല്ലാതാകുമെന്ന വ്യവസ്ഥയിൽ, സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, നിയമനം നൽകാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി

**<u>തീരുമാനിക്കേണ്ട വിഷയം</u>**

വനം വന്യജീവി വകുപ്പിൽ, സൂപ്പർ ന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചർ ആയി ജോലി നോക്കവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ബി.ബൊമ്മന്റെ മകനായ ശ്രീ. ജയരാജൻ.ബി യ്ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, വനം വകുപ്പിന് കീഴിൽ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിൽ 23,000-50,200/-രൂപ ശമ്പള സ്കെയിലിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകാവുന്നതാണോ ?

- ശ്രീ. ജയരാജൻ.ബിയ്ക്ക് വേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ ഇല്ലാതാകുന്നതാണ്.
- ടിയാൻ സൂപ്പർന്യൂമററി തസ്തികയിൽ ജോയിൻ ചെയ്യുന്ന തീയതി മുതൽ മാത്രമേ സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.
- വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകളിലെ ഒഴിവിലേക്ക് ടിയാന്റെ നിയമനം ക്രമീകരിച്ചു നൽകരുത്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-05-2023

ഫയൽ നം. എഫ്3/37/2022/വനം. ഇനം നം: 1519

വിഷയം : വനം-വന്യജീവി വകുപ്പ് - വനം-വന്യജീവി വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചർ ആയി ജോലി നോക്കവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ബി. ബൊമ്മന്റെ മകനായ ശ്രീ. ജയരാജൻ ബി-യ്ക്ക് വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി-വനം വന്യജീവി വകുപ്പിൽ നോർത്ത് വയനാട് ഡിവിഷനിലെ ബേഗ്ഗർ റേഞ്ചിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചർ ആയി ജോലി നോക്കവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ബൊമ്മന്റെ മകനായ ശ്രീ.ജയരാജൻ.ബി യ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരനിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.12/2023/F&WLD തീയതി, തിരുവനന്തപുരം, 02-06-2023.

പരാമർശം:-

1. 23.03.2018 ലെ സ.ഉ. (കൈ) നം. 71/2018/പൊഭവ നമ്പർ ഉത്തരവ് .
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 31.01.2022, 14.12.2022 തീയതികളിലെ ഇ6-4051/2021 നമ്പർ കത്ത്.
3. വയനാട് ജില്ലാ കളക്ടറുടെ 10.08.2022 ലെ DCWYD/2390/ 2022-A8 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ നോർത്ത് വയനാട് ഡിവിഷന് കീഴിൽ ബേഗ്ഗർ റേഞ്ചിൽ ഫോറസ്റ്റ് വാച്ചർ (സൂപ്പർ ന്യൂമററി) തസ്തികയിൽ ജോലി നോക്കിയിരുന്ന ബൊമ്മൻ 20.09.2016 ന് കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെടുകയുണ്ടായി. 14.05.2015 ലെ സ.ഉ(കൈ). 29/2015/വനം നമ്പർ ഉത്തരവ് പ്രകാരം, 20 വർഷമായി വനംവകുപ്പിൽ താൽക്കാലികാടി സ്ഥാനത്തിൽ ജോലി നോക്കിയവരെ സ്ഥിരപ്പെടുത്തിയതിൽ ഉൾപ്പെട്ട ആളായിരുന്നു ശ്രീ.ബൊമ്മൻ.

2. ശ്രീ. ജയരാജൻ.ബി ആദിവാസി വിഭാഗത്തിൽപ്പെട്ടയാളും കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതനുമായതിനാൽ, ടിയാൻ സമർപ്പിച്ച സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി ടിയാനെ ട്രൈബൽ വാച്ചർ ആയോ അല്ലെങ്കിൽ മറ്റ് അനുയോജ്യമായ തസ്തികയിലോ നിയമിക്കാവുന്നതാണ് എന്ന് വയനാട് ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. ശ്രീ. ജയരാജന് 1-ാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ളതിനാൽ ടിയാന് ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിലേയ്ക്ക് പരിഗണിക്കുവാൻ യോഗ്യതയുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വിവിധ ദുരന്തങ്ങൾ ബാധിച്ചവർക്ക് സമാശ്വാസമായി തൊഴിൽ നൽകുന്നതിന് മന്ത്രിസഭാ യോഗം തീരുമാനമെടുത്തു

കഴിഞ്ഞാൽ നിയമനം നൽകാൻ തീരുമാനിച്ചിരിക്കുന്ന സർക്കാർ വകുപ്പിലോ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലോ ക്ലാസ് III, ക്ലാസ് IV, പാർട്ട് ടൈം കണ്ടിജന്റ് തുടങ്ങിയ തസ്തികകളിൽ നിയമിക്കപ്പെടാൻ വേണ്ടി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകേണ്ടതാണെന്ന് പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, സമാനമായ കേസുകളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് കണക്കിലെടുത്ത് കൊണ്ട്, വനം വന്യജീവി വകുപ്പിൽ, സൂപ്പർ ന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചർ ആയി ജോലി നോക്കവേ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ബി.ബൊമ്മന്റെ മകനായ ശ്രീ. ജയരാജൻ.ബി യ്ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച് വനം വകുപ്പിന് കീഴിൽ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിൽ 23,000-50,200/-രൂപ ശമ്പള സ്കെയിലിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ശ്രീ. ജയരാജൻ.ബിയ്ക്ക് വേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ ഇല്ലാതാകുന്നതാണ്.
- ടിയാൻ സൂപ്പർന്യൂമററി തസ്തികയിൽ ജോയിൻ ചെയ്യുന്ന തീയതി മുതൽ മാത്രമേ സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.
- വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകളിലെ ഒഴിവിലേക്ക് ടിയാന്റെ നിയമനം ക്രമീകരിച്ചു നൽകരുത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. ജയരാജൻ.ബി, പൂർണിമ, കാട്ടിക്കുളം പി ഒ, ബേഗൂർ, തിരുനെല്ലി, വയനാട്.
(രജിസ്റ്റേർഡ് തപാൽ മടക്കരസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ്. (24.05.2023 ലെ ഇനം നമ്പർ 1519 പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 03-06-2023 11:42:50

പകർപ്പ്

വനം വന്യജീവി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

17 - 77

Note # 17

19/05/2022 11:16 AM

SANJAY M KAUL
SECY (FE) FIN

Note # 18

19/05/2022 11:23 AM

NITA KUMARI T
SS(PU-A,FIN)

Note # 19

19/05/2022 12:46 PM

AJITH KUMAR A
JS (PU-D,FIN)

Note # 20

19/05/2022 01:20 PM

GANESAN B
PU-D3,FIN

Note # 21

E-2085850/PU D2/59/2022-Fin Finance(PU D)Department

E-2065791/IND-G1/130/2022-IND Dated:30-05-2022

പേപ്പർ പൾപ്പ് നിർമ്മാണത്തിന് ആവശ്യമായ അക്കേഷ്യയൂക്കാലിപ്റ്റസ് മരങ്ങൾ വിൽക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനം വനംവകുപ്പിന്റെയും വിശിഷ്യാ സർക്കാരിന്റെയും വരുമാനമാർഗ്ഗമാണ്. തമിഴ്നാട്ടിലെ TNPL-ന ടണ്ണിന് 3050/- രൂപയും നികുതിയും ചേർത്താണ് തടി നൽകി വരുന്നതെന്ന് ബന്ധനംവകുപ്പ് മന്ത്രി

-78-

ഭരണവകുപ്പ് ഫയൽ Note#13-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മുൻപ് HNL-നും കുറഞ്ഞ തുക നിശ്ചയിച്ചാണ് തടി നൽകിയിരുന്നത്. ടി സാഹചര്യത്തിൽ M/S കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് കമ്പനിയ്ക്ക് വേണ്ടി തിരുവനന്തപുരം തൃശ്ശൂർ ജില്ലകളിൽ വനം വകുപ്പിന്റെ തോട്ടങ്ങളിൽ കണ്ടെത്തിയ 24000MT തടി ഉത്പന്നങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ കമ്പനി പ്രവർത്തനം ആരംഭിക്കുന്നതിനായി സൗജന്യമായി നൽകണമെന്ന ഭരണവകുപ്പിന്റെ ശിപാർശ അംഗീകരിച്ചാൽ സർക്കാരിന് അത് ഗണ്യമായ വരുമാന നഷ്ടത്തിന് കാരണമാകും. ആയതിനാൽ മുൻപ് HNL-നു നൽകിയിരുന്ന കുറഞ്ഞ നിരക്കിൽ പേപ്പർ പൾപ്പ് നിർമ്മാണത്തിന് ആവശ്യമായ തടികൾ M/s കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് കമ്പനിയ്ക്കും നൽകാവുന്നതാണെന്നു ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു: ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്.

ധനകാര്യ വ്യയം സെക്രട്ടറിക്കു

വേണ്ടി

**31/05/2022 11:21 AM**

**ARCHANA.P.G**
**SO(PU-D,FIN)**

**Note # 22**

**31/05/2022 12:11 PM**

**SHABNA.N**
**SO (G) IND**

**Note # 23**

വർഷങ്ങളായി അടഞ്ഞുകിടന്ന കേന്ദ്രപൊതുമേഖലാസ്ഥാപനമായ HNL സംസ്ഥാനസർക്കാർ ബാധ്യതകൾ എല്ലാം തീർത്ത് ഏറ്റെടുത്ത് പുതിയ കമ്പനിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച M/S കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും നിലവിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉത്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായി, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിലെ വനം വകുപ്പിൻറെ അധീനതയിലുള്ള തോട്ടങ്ങലിൽ കണ്ടെത്തിയ 24000 MT തടി ഉൽപ്പന്നങ്ങൾ

865

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ബി2/76/2022/വനം-പാർട്ട്-1 |
| 2 | വകുപ്പ് | വനം വന്യജീവി (ബി) വകുപ്പ് |
| 3 | വിഷയം | M/S കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പൊതുമേഖലാസ്ഥാപനം, പരീക്ഷണാടിസ്ഥാനത്തിലുള്ള ഉത്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ വനം വകുപ്പിന്റെ അധീനതയിലുള്ള തോട്ടങ്ങളിൽ കണ്ടെത്തിയ 24000 MT വനാധിഷ്ഠിത അസംസ്കൃതവസ്തുക്കൾ പ്രസ്തുത കമ്പനിയുടെ ഉപയോഗത്തിനായി അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16.06.2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. ജയറാം കുമാർ ആർ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 21.06.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21.06.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.കെ.ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 21.06.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21.06.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

Hindustan Newsprint Ltd (HNL) കമ്പനിയുടെ പുനരുദ്ധാരണ പ്രവർത്തനത്തിന്റെ ഭാഗമായി, വനം വകുപ്പിന്റെ നിലവിലെ തോട്ടങ്ങളിൽ നിന്നും Kerala Paper Products Ltd (KPPL)-ന് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ, ആയത് ശേഖരിക്കുന്നതിനുള്ള ചെലവ് KPPL വഹിക്കുന്നതാണെന്ന വ്യവസ്ഥയിൽ, സൗജന്യ നിരക്കിൽ അനുവദിക്കണമെന്ന KPPL സ്പെഷ്യൽ ഓഫീസറുടെ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. മുമ്പ് നിലവിലുണ്ടായിരുന്ന HNL-ന് വേണ്ടി കേരള സർക്കാർ സമർപ്പിച്ച റെസല്യൂഷൻ പ്ലാൻ National Company Law Tribunal (NCLT) കൊച്ചി ബെഞ്ച് അംഗീകരിക്കുകയും അതനുസരിച്ച് കമ്പനിയെ കേരള സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന്, Registrar of Companies (RoC) അംഗീകാരം നൽകുകയും കമ്പനിയെ കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (കെപിപിഎൽ) ആയി സംയോജിപ്പിക്കുന്നതിന് 20.12.2021-ൽ Certificate of Incorporation നൽകുകയും ചെയ്തു. നിലവിൽ, രണ്ട് ഘട്ടങ്ങളായുള്ള പുനരുജ്ജീവന പദ്ധതി (phase I & II) KPPL-ൽ നടപ്പിലാക്കി വരുന്നു.

3. പദ്ധതിയുടെ ഒന്നാം ഘട്ടം 2022 ജനുവരി 1-ന് ആരംഭിക്കുകയും ഷെഡ്യൂൾ അനുസരിച്ച് പുരോഗമിച്ചു വരികയും ചെയ്യുന്നു. പ്രോഗ്രാം ഒന്നാം ഘട്ടം അനുസരിച്ച്, സസ്യങ്ങൾ (റീസൈക്കിൾഡ് പൾപ്പിംഗ് പ്ലാന്റ്, പേപ്പർ മെഷീൻ പ്ലാന്റ്, പവർ ബോയിലർ) 2022 മെയ് മാസത്തിൽ കമ്മീഷൻ ചെയ്യുവാനും, സ്വയം റീസൈക്കിൾ ചെയ്ത പൾപ്പ് ഉപയോഗിച്ച് വാണിജ്യ ഉൽപ്പാദനം ആരംഭിക്കുവാനും ബാക്കിയുള്ളവ ഇറക്കുമതി ചെയ്യുന്ന പൾപ്പ് മുഖേന ഉത്പാദിപ്പിക്കുവാനുമാണ് നിശ്ചയിച്ചിരുന്നത് . 2022 ആഗസ്റ്റ്/സെപ്തംബർ മാസങ്ങളിൽ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി വുഡ് പൾപ്പിംഗ് പ്ലാന്റുകളും

-82-

(മെക്കാനിക്കൽ പൾപ്പിംഗ് പ്ലാന്റും കെമിക്കൽ പൾപ്പിംഗ് പ്ലാന്റും) കെമിക്കൽ റിക്കവറി ബോയിലറും പ്രവർത്തനക്ഷമമാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്.

4. വർത്തമാനപത്രങ്ങൾ അച്ചടിക്കുന്നതിനുള്ള കടലാസിന്റെ നിലവിലെ അന്താരാഷ്ട്ര വിപണിവിലയെ മറികടന്നുകൊണ്ട്, വുഡ് പൾപ്പിന്റെ വില 900-950 യു.എസ്. ഡോളർ വരെ കുത്തനെ വർദ്ധിച്ചതു മൂലം, ആഗോള വുഡ് പൾപ്പ് വിതരണം മുൻപെങ്ങുമില്ലാത്തവിധം താറുമാറായ സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. ഇറക്കുമതി ചെയ്യുന്ന പൾപ്പിന്റെ രൂക്ഷമായ ക്ഷാമം മൂലം, വുഡ് പൾപ്പിംഗ് സ്കീമുകളുടെ പ്രവർത്തനവൽക്കരണം 2022 ജൂലൈ വരെ നീട്ടി കൊണ്ടുപോകാൻ KPPL നിർബന്ധിതമാകുകയും അതനുസരിച്ച് 2022 മാർച്ച് 17-ന് 100 അധിക തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് പുനരുജ്ജീവന പരിപാടിയുടെ രണ്ടാം ഘട്ടം ആരംഭിക്കുകയും ചെയ്തു. അതിനാൽ, വുഡ് പൾപ്പിംഗ് സ്കീമുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന്, കുറഞ്ഞത് 2-3 മാസത്തേക്കെങ്കിലും വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉടൻ ഉറപ്പാക്കേണ്ടതുണ്ടെന്ന് സ്പെഷ്യൽ ഓഫീസർ അറിയിച്ചു.

5. ഇതുമായി ബന്ധപ്പെട്ട് 16.03.2022-ന് വനം-വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറിയും വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറിയും തമ്മിൽ ഒരു ഉന്നതതല യോഗം ചേരുകയും അസംസ്കൃത വസ്തുക്കൾ ഉടനടി ശേഖരിക്കാൻ കഴിയുന്ന തോട്ടങ്ങൾ കണ്ടെത്താനും യോഗത്തിൽ തീരുമാനമായി. അതനുസരിച്ച്, ജൂൺ മാസത്തിൽ extraction ചെയ്യുന്നതിനുള്ള സീസൺ അവസാനിക്കുന്നതിന് മുമ്പ്, മെയ് മാസത്തിൽ തന്നെ വേർതിരിച്ചെടുക്കാൻ കഴിയുന്ന തോട്ടങ്ങളുടെ പട്ടിക വനം വകുപ്പ് ലഭ്യമാക്കി. തുടർന്ന് , തിരുവനന്തപുരം, തൃശ്ശൂർ ഡിവിഷനുകളിൽ കണ്ടെത്തിയ തോട്ടങ്ങളിൽ കെപിപിഎൽ വനംവകുപ്പ് സർവേ നടത്തുകയും ചുരുങ്ങിയ സമയത്തിനുള്ളിൽ കണ്ടെത്തിയ തോട്ടങ്ങൾ വേർതിരിച്ചെടുക്കാനുള്ള

സാധ്യത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. തിരിച്ചറിഞ്ഞ തോട്ടങ്ങളുടെ പട്ടിക താഴെ സൂചിപ്പിച്ചിരിക്കുന്നു:

തിരിച്ചറിഞ്ഞ തോട്ടങ്ങളുടെ പട്ടിക താഴെ സൂചിപ്പിച്ചിരിക്കുന്നു:

| Forest Division | Area | Species | Quantity |
|---|---|---|---|
| Thiruvananthapuram | 318.62 ha | Acacia auriculiformis | 10430 MT |
| | 11.00 ha | Acacia mangium | 1128 MT |
| Thrissur | 292.70 ha | Acacia auriculiformis | 11250 MT |
| | 28.45 ha | Acacia mangium | 1100 MT |
| | 9.5 ha | Eucalyptus | 200MT |
| TOTAL | | | 24108 MT |

**6.** മേൽപ്പറഞ്ഞ അളവ് മെയ് മാസത്തിൽ എക്സ്ട്രാക്റ്റ് ചെയ്യുന്നതിന്, ടെൻഡർ നടപടികൾ ആരംഭിക്കേണ്ടതുണ്ടെന്നും കരാറുകളിൽ ഉടനടി ഏർപ്പെടേണ്ടതുണ്ടെന്നും കെപിപിഎൽ സ്പെഷ്യൽ ഓഫീസർ അറിയിച്ചു. മുകളിൽ സൂചിപ്പിച്ച അളവ് വേർതിരിച്ചെടുക്കൽ ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി കെപിപിഎൽ സ്പെഷ്യൽ ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

**7.** ഇക്കാര്യത്തിൽ അഭിപ്രായത്തിനായി വ്യവസായ വകുപ്പ് ഫയൽ ലഭ്യമാക്കിയപ്പോൾ, താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി ഫയൽ തിരികെ നല്കി.

"As per GO(Ms) 20/2006/ID dated 21/2/2006, Industries department had executed a principal agreement with erstwhile HNL , a PSU. PCCF informed that a principal agreement is required for executing the subsidiary agreement with KPPL.

*Based on the Principal agreement executed by HNL, Forest Department executed a subsidiary agreement with erstwhile HNL every 5 years with agreeable quantity according to the availability of raw materials as per the working plan. Similarly a subsidiary agreement is also required to be executed between Kerala Forest Department and M/s. KPPL. Government sanction is required for executing subsidiary agreement for a period of 5 years and approval for draft agreement by Government is also required.*

*Govt orders are also necessary for Forest Dept for allotting the immediate requirement of KPPL of 24,108 T of raw materials subject to availability. After taking necessary undertaking from KPPL that they shall abide by all the agreement conditions and the price and payment conditions fixed by the Government for allotting the raw materials. PCCF also informed that if Government decides to allow felling and transportation in May, then appropriate order for the same is to be issued for deviation including penalties. As per the Working Plan conditions, there is no felling and transportation can be allowed during closure period, ie from 1st June to 31st August, as these are the approved agreement conditions considering the regeneration period of the species and also working plan conditions. PCCF suggested that the shortfall sustained to the revolving fund (Kerala Forest Development Fund) due to fixation of the subsidized rate for raw materials supply to M/s. KPPL may be made good by Govt in line with the Eco-restoration policy of the Govt.*

*Therefore, PCCF requested that appropriate orders on allotment, price, penalties, agreement conditions and other terms and conditions including reasonable enhancement of penalties as mentioned in conditions 1,6,8.9 of the existing subsidiary agreement conditions entered into with M/s HNL on 30th March, 2016 may also be issued by Govt after due consultation with the concerned department. "*

**8.** കേരള സർക്കാരും മുൻ HNL ഉം തമ്മിലുള്ള principal agreement -ലെ വ്യവസ്ഥകൾ KPPL നും നൽകണമെന്ന KPPL സ്പെഷ്യൽ ഓഫീസറുടെ അപേക്ഷ മറ്റൊരു ഫയലിൽ വ്യവസായ വകുപ്പ് (G1/133/2022/ID) പ്ലാനിംഗ് വകുപ്പിന് നൽകുകയും ടി വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*" The Special Officer, Kerala Paper Products Limited (KPPL) has requested the Government for extension of the provisions of the Principal Agreement dated 07/10/1974 & 08/05/2006 between Government of Kerala and erstwhile HNL to KPPL to ensure continuous availability of wood raw materials and other utilities on a long-term basis. It was pointed out in his letter that since the erstwhile HNL is taken over and incorporated as Kerala Paper Products Limited, the earlier Principal Agreement may not be in force now and therefore requested the Government to issue necessary Orders, covering the salient features of the earlier principal agreement so that KPPL can enter into subsidiary agreements with respective departments to ensure continued availability of wood raw material and other utilities like electricity, water etc. The Special Officer has informed that KPPL is getting revived so as to make it one of the major PSUs in Kerala with a turnover of about Rs.570 Cr. in the next one year and a larger capacity expansion cum diversification project would be unrolled immediately after the completion of the revival to make KPPL one of the largest entities in*

*the Pulp and Paper segment in the country with a turnover of about Rs.2,700 Cr. This Department recommends that the request of the Special Officer may be considered for approval.*

*In this regard, it is noted that, HNL was taken over by the Government/KINFRA as per the Resolution Plan submitted by KINFRA. The National Company Law Tribunal (NCLT), Kochi Bench in its Order dated 29/01/2021 while approving the Resolution Plan stated that the sale of HNL is as a "going concern". The sale of an entity 'as a going concern' implies that the entity would be functional as it would have been prior to initiation of sale, to ensure a peaceful transition of the business and normally all existing business contracts/agreements would continue as such till its original validity period unless specifically cancelled as part of the Resolution Plan. Continuation of the concessions, rights, privileges and other benefits being given to erstwhile HNL as per the Principal Agreement to KPPL is imperative for the successful implementation of the Resolution Plan. Hence, this Department is of the view that the Principal Agreement dated 07/10/1974-08/05/2006 would continue to be in force with KPPL since 100% of shareholding is with the Government of Kerala/KINFRA after the approval of the Resolution Plan by NCLT, notwithstanding Clause (2) in the renewal agreement which state that the agreement shall be in force for a period of 20 years or till such period HNL continues as a Central PSU, whichever is earlier. The Principal Agreement dated 07/10/1974 and the renewal agreement dated 08/05/2006 states that "the Corporation/Company which expression shall, where the context so admits, include its successors and assigns of the other part" and KPPL is the successor*

*of HNL. KPPL is a wholly owned Government company and the first party of the agreement is Government of Kerala.*

*However, as the erstwhile HNL is taken over and registered as Kerala Paper Products Limited and in view of Clause (2) of the renewal agreement dated 08/05/2006, this Department recommends that the proposal of the Special Officer for issuing a new Order, covering the salient features of the earlier Principal Agreement, may be agreed to, so as to enable KPPL to recommence full-fledged production/operations after completion of the ongoing repair and renewal works and thereafter to implement the proposed capacity expansion cum diversification project, as targeted."*

**9.** കെപിപിഎൽ സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെട്ടതനുസരിച്ച് കേരളാ പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി കേരള സർക്കാരും ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനും തമ്മിലുള്ള ദീർഘകാല തത്വ കരാർ പുതുക്കുന്നതിന് സമയമെടുക്കുമെന്നതിനാൽ കേരളാ പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന്റെ പുനരുജ്ജീവന പരിപാടിക്ക് പ്രോത്സാഹനമായി വനം വകുപ്പിന്റെ ഇതിനകം കണ്ടെത്തിയ തോട്ടങ്ങളിൽ നിന്ന് 2022 മെയ് മാസത്തിൽ 24,000 മെട്രിക് ടൺ മരം സാമഗ്രികൾ, എക്സ്ട്രാക്ഷൻ ചെലവ് KPPL വഹിക്കും എന്ന വ്യവസ്ഥയിൽ, സൗജന്യമായി വേർതിരിച്ചെടുക്കുന്നതിന് അനുമതി നൽകാൻ വനം വകുപ്പിനോട് അഭ്യർത്ഥിക്കാമോ എന്ന ഉത്തരവിനായി വ്യവസായ വകുപ്പിന്റെ ഫയൽ ബഹു. വ്യവസായ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ താഴെ പറയുന്ന പ്രകാരം ഉത്തരവായി.

*" മുഖ്യ കരാറിലും, ഉപകരാറിലും ഏർപ്പെടുന്നതിന് കൂടുതൽ സമയം ആവശ്യമായതിനാൽ 26/04/2022 -ലെ യോഗത്തിൽ ധാരണയായതുപ്രകാരം തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിലെ തോട്ടങ്ങളിൽ M/s KPPL -ന്റെ അടിയന്തിര ഉപയോഗത്തിന് ആവശ്യമായി കണ്ടെത്തിയ 24000 MT അക്കേഷ്യ,*

യൂക്കാലി എന്നീ ഉൽപ്പന്നങ്ങൾ മെയ് മാസത്തിൽ തന്നെ സൗജന്യമായി M/s KPPL -ന് അനുവദിച്ച് കൊണ്ട് അനുമതി നൽകാവുന്നതാണ്.

ബഹു. വനം-വന്യജീവി വകുപ്പ മന്ത്രി കണ്ടാലും. "

10. ബഹു. വനം വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു

" അക്കേഷ്യ, യൂക്കാലിപ്റ്റ്സ്, തടി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിലൂടെ ഇപ്പോൾ വനം വകുപ്പിന്റെ ധന ശീർഷകത്തിൽ റവന്യൂ വരുമാനം വന്നുകൊണ്ടിരിക്കുന്നതാണ്. തമിഴ് നാട്ടിലെ TNPL -ന് സ്റ്റാക്ക് ടണ്ണിന് 3050 /- രൂപയും നികുതിയും ചേർത്താണ് നൽകിവരുന്നത്. മുൻപ് HNL-നും കുറഞ്ഞ തുക നിശ്ചയിച്ചാണ് തടി നൽകിയിരുന്നത്. വനം വകുപ്പിന് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന വിലയിൽ കുറവ് വരുത്തുന്നത് അല്ലെങ്കിൽ സൗജന്യ നിരക്കിൽ നൽകുന്നത് സംബന്ധിച്ച് ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞ ശേഷം വില സംബന്ധിച്ചും തടി നൽകുന്നത് സംബന്ധിച്ച മറ്റ് മാനദണ്ഡങ്ങൾ സംബന്ധിച്ചും തീരുമാനം കൈക്കൊള്ളുന്നതിനായി ഈ വിഷയത്തിൽ മന്ത്രിസഭ തീരുമാനം ആവശ്യമാണ്. മന്ത്രിസഭ തീരുമാന പ്രകാരം ആവശ്യമായ ഇടക്കാല കരാറുകൾ ഒപ്പുവയ്ക്കാവുന്നതാണ്. കൂടാതെ, കേന്ദ്ര സർക്കാർ അംഗീകരിച്ച നിലവിലെ വർക്കിംഗ് പ്ലാൻ പ്രകാരം ജൂൺ മുതൽ ആഗസ്റ്റ് വരെ കാലഘട്ടത്തിൽ വനപ്രദേശത്ത് നിന്നും മരം മുറിക്കുന്നതിന് തടസ്സമുണ്ട് എന്ന കാര്യം കൂടി ശ്രദ്ധയിൽപെടുത്തുന്നു."

11. തുടർന്ന് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ താഴെപ്പറയുന്ന കുറിപ്പുകളോടെ ഫയൽ ധനകാര്യ വകുപ്പിന് കൈമാറി.

"വർഷങ്ങളായി അടഞ്ഞുകിടന്ന കേന്ദ്രപൊതുമേഖലാസ്ഥാപനമായ HNL സംസ്ഥാനസർക്കാർ ബാധ്യതകൾ എല്ലാം തീർത്ത് ഏറ്റെടുത്ത് M/S കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുതിയ കമ്പനിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. വർഷങ്ങളായി ഉപയോഗിക്കാതെ

കിടന്ന ഫാക്ടറിയിലെ യന്ത്രസാമഗ്രികളെ പ്രവർത്തന സജ്ജമാക്കുന്നതിനും കമ്പനി പുനരുജ്ജീവിപ്പിക്കുന്നതിനുമായി സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് മെയ് മാസത്തിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള തീവ്രശ്രമവുമായി മുന്നോട്ടുപോകുകയാണ്. കമ്പനിയിൽ പൾപ്പ് നിർമ്മാണവും തുടർന്ന് പേപ്പർ നിർമ്മാണവും പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതുണ്ട്. ആയതിന് ആവശ്യമായ ഉൽപ്പന്നങ്ങൾ കമ്പനിയുടെ പ്രവർത്തനാരംഭത്തിൽ സൗജന്യനിരക്കിൽ ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിക്കുന്നതിന് ഏകദേശം 3 മാസത്തെ സമയം ആവശ്യമായി വരുന്നതും, വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിക്കുമ്പോൾ വനം വകുപ്പിൽ നിന്നുള്ള തടി ഉത്പ്പന്നത്തിന് വില നിശ്ചയിച്ചുകൊണ്ടും ഒരു കരാറിന്റെ അടിസ്ഥാനത്തിൽ വാങ്ങുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താവുന്നതുമാണ്. പുതിയതായി ആരംഭിച്ച കമ്പനിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും നിലവിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉത്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായി, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിലെ വനം വകുപ്പിന്റെ അധീനതയിലുള്ള തോട്ടങ്ങളിൽ M/s KPPL ഉപയോഗത്തിന് ആവശ്യമായി കണ്ടെത്തിയ 24000 MT തടി ഉൽപ്പന്നങ്ങൾ മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി സൗജന്യമായി അനുവദിക്കാവുന്നതാണ്. "

**12.** ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" പേപ്പർ പൾപ്പ് നിർമ്മാണത്തിന് ആവശ്യമായ അക്കേഷ്യ, യൂക്കാലിപ്റ്റസ് മരങ്ങൾ വിൽക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനം വനംവകുപ്പിന്റെയും വിശിഷ്യാ സർക്കാരിന്റെയും വരുമാനമാർഗ്ഗമാണ്. തമിഴ്നാട്ടിലെ TNPL-നു ടണ്ണിന് 3050/- രൂപയും നികുതിയും ചേർത്താണ് തടി നൽകി വരുന്നതെന്ന് ബഹു.വനംവകുപ്പ് മന്ത്രി ഭരണവകുപ്പ് ഫയൽ Note#13-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മുൻപ് HNL-നും കുറഞ്ഞ തുക നിശ്ചയിച്ചാണ് തടി

*നൽകിയിരുന്നത്. ടി സാഹചര്യത്തിൽ M/S കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് കമ്പനിയ്ക്ക് വേണ്ടി തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ വനം വകുപ്പിന്റെ തോട്ടങ്ങളിൽ കണ്ടെത്തിയ 24000MT തടി ഉത്പന്നങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ കമ്പനി പ്രവർത്തനം ആരംഭിക്കുന്നതിനായി സൗജന്യമായി നൽകണമെന്ന ഭരണവകുപ്പിന്റെ ശിപാർശ അംഗീകരിച്ചാൽ സർക്കാരിന് അത് ഗണ്യമായ വരുമാന നഷ്ടത്തിന് കാരണമാകും. ആയതിനാൽ മുൻപ് HNL-ന്റെ നൽകിയിരുന്ന കുറഞ്ഞ നിരക്കിൽ പേപ്പർ പൾപ്പ് നിർമ്മാണത്തിന് ആവശ്യമായ തടികൾ M/s കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് കമ്പനിയ്ക്കും നൽകാവുന്നതാണെന്നു ഭരണവകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."*

**13.** തുടർന്ന് ബഹു. വ്യവസായ വകുപ്പ് മന്ത്രി താഴെ പറയുന്ന കുറിപ്പുകളോടെ ഫയൽ വനം വകുപ്പിന് കൈമാറുകയുണ്ടായി.

"ഏകദേശം 3 വർഷത്തിലധികമായി അടഞ്ഞുകിടന്ന HNL കമ്പനി ഏറ്റെടുത്ത് KPPL എന്ന കമ്പനി പ്രവർത്തനമാരംഭിച്ചിട്ടുള്ളതിന്റെ പ്രവർത്തന മൂലധനമായിട്ടുള്ളത് സർക്കാർ അനുവദിച്ച് നൽകിയ ഫണ്ട് മാത്രമാണ്. KPPL ഇതുവരെ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിച്ചിട്ടില്ല. പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനും യന്ത്രോപകരണങ്ങളുടെ പ്രവർത്തന ക്ഷമത പരിശോധിക്കുന്നതിനുമുള്ള ഉല്പാദനമാണ് നിലവിൽ ആരംഭിക്കേണ്ടത്. ആയതിന് ആവശ്യമായ 24000 MT തടി ഉല്പന്നങ്ങൾ ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം നിരക്ക് ഈടാക്കി നൽകിയാൽ സർക്കാർ അനുവദിച്ച ഫണ്ട് ആണ് ആയതിന് വിനിയോഗിക്കേണ്ടിവരുന്നതെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ പേപ്പർ നിർമ്മാണത്തിന് ആവശ്യമാണെന്ന് കണ്ടെത്തിയ 24000 MT തടി ഉൽപന്നങ്ങൾ സൗജന്യമായോ ആയതിന് കഴിയുന്നില്ലെങ്കിൽ M/s HNL-ന് പ്രിൻസിപ്പിൾ എഗ്രിമെന്റിലെ 5-ാം വ്യവസ്ഥ പ്രകാരം നൽകിയ നിരക്കായ

Rs.11/MT എന്ന സൗജന്യ നിരക്കിലോ അനുവദിക്കാൻ കഴിയുന്ന നിർദ്ദേശം വനം വന്യജീവി വകുപ്പമന്ത്രി കണ്ട് അംഗീകരിച്ച് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്."

**14.** HNL -നു അസംസ്കൃത വസ്തുക്കൾ നൽകിക്കൊണ്ടിരുന്ന കുറഞ്ഞ നിരക്ക് മെട്രിക് ടണ്ണിന് 1000/- രൂപ എന്ന നിരക്കിലാണ്. ഇതിൽ കുറവ് വരാൻ പാടില്ല എന്നതാണ് വനം വകുപ്പിന്റെ അഭിപ്രായം. KPPL -നു subsidised നിരക്കിൽ വില നിശ്ചയിക്കുന്ന പക്ഷം Eco-restoration -നു വേണ്ടിയുള്ള ചാക്രിക നിധിയിലേക്ക് (Kerala Forest Development Fund) ലഭിയ്ക്കേണ്ട തുകയിൽ കുറവ് വരാത്ത തരത്തിൽ തുക നിശ്ചയിക്കാവുന്നതാണ്. Note 8 -ലെ അഭിപ്രായവും ധനകാര്യ വകുപ്പിന്റെ അഭിപ്രായവും കൂടി പരിഗണിച്ച് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വിടാവുന്നതാണ് ബഹു. വനം വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

**15.** ഈ വിഷയം മന്തിസഭാ യോഗം മുമ്പാകെ സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി ഫയൽ ബഹു. വനം വകുപ്പ് മന്ത്രി, ബഹു. വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ബഹു. മുഖ്യമന്ത്രി വനം വകുപ്പിന്റെ FWLD-B2/76/2022-FWLD-Part(1)ഫയലിൽ താഴെ പറയും പ്രകാരം ഉത്തരവിട്ടു

" 1) മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുക.

2) HNL-ന് നൽകിയ അതേ നിരക്കിൽ KPPL-ന് തടി നൽകുന്നത് അധികനാൾ നിലനിർത്തി ക്കൊണ്ടുപോകാൻ പ്രയാസമായിരിക്കും. KPPL -ന് ആവശ്യമുള്ള തടിയുടെ വില നിശ്ചയിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വനം, വ്യവസായ സെക്രട്ടറിമാരുടെ യോഗം ചേർന്ന് വ്യക്തമായ ശിപാർശ സമർപ്പിക്കുക."

## തീരുമാനിക്കേണ്ട വിഷയം

മൂന്ന് വർഷത്തിലധികമായി അടഞ്ഞു കിടന്നിരുന്ന Hindustan Newsprint Ltd (HNL) കമ്പനി സർക്കാർ ഏറ്റെടുത്തതിനെ തുടർന്ന് പുതിയതായി ആരംഭിച്ച

Kerala Paper Products Ltd (KPPL) എന്ന കമ്പനിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും നിലവിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉല്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായി തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ വനം വകുപ്പിന്റെ അധീനതയിലുള്ള തോട്ടങ്ങളിൽ KPPL പേപ്പർ പൾപ്പ് നിർമ്മാണത്തിനാവശ്യമായി കണ്ടെത്തിയ 24000 MT വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ ധനവകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം മുൻപ് HNL -ന് നൽകി വന്ന കുറഞ്ഞ നിരക്കായ മെട്രിക് ടണ്ണിന് 1000/- രൂപ (ആയിരം രൂപ മാത്രം) എന്ന നിരക്കിൽ KPPL- ന് അനുവദിക്കാവുന്നതാണോ ?

---------------------------------------

37
105-

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-06-2022

ഫയൽ നം. ബി2/76/2022/വനം-പാർട്ട്-1. ഇനം നം: 865

വിഷയം : വനം-വന്യജീവി വകുപ്പ് - M/s.കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പൊതുമേഖലാസ്ഥാപനം, പരീക്ഷണാടിസ്ഥാനത്തിലുള്ള ഉത്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ വനം വകുപ്പിന്റെ അധീനതയിലുള്ള തോട്ടങ്ങളിൽ കണ്ടെത്തിയ 24000 MT വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ പ്രസ്തുത കമ്പനിയുടെ ഉപയോഗത്തിനായി അനുവദിക്കുന്നത്.

തീരുമാനം :

1. കുറിപ്പിലെ നിർദ്ദേശം ചർച്ച ചെയ്തു. M/s.കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് നൽകുന്ന തടിയുടെ വിലനിർണ്ണയം പിന്നീട് തീരുമാനിക്കാമെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.
2. ഇതിനാവശ്യമായ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ വനം വകുപ്പ് സ്വീകരിക്കേണ്ടതാണ്.
3. തടിയുടെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേർന്ന് ശിപാർശകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണെന്നും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

23/6
JS-2 : F&WL

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

സ.ഉ.(കൈ) നം.48/2022/F&WLD

സ.ഉ.(കൈ) നം.48/2022/F&WLD

107

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ (KPPL)- വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ - കമ്മറ്റി നിർദ്ദേശങ്ങൾ ഭേദഗതികളോടെ അംഗീകരിക്കുന്നു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(കൈ) നം.48/2022/F&WLD തീയതി,തിരുവനന്തപുരം, 24-09-2022

പരാമർശം:-
1. കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ്, സ്പെഷ്യൽ ഓഫീസറുടെ 25/04/2022-ലെ കത്ത്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 29/4/2022,05/05/2022, 26/07/2022-ലെ പ്രൊ(4)-246993/22 നമ്പർ കത്തുകൾ
3. ജി.ഒ (പി) നം. 19/2022/FWLD തീയ്യതി 30/6/2022 (SRO No.651/2022).
4. സ.ഉ (കൈ)നം.37/2022/F&WLD തീയതി 02/07/2022.
5. വിലനിർണ്ണയ കമ്മിറ്റിയുടെ 3/8/2022-ൽ ചേർന്ന യോഗ നടപടിക്കുറിപ്പ്

**ഉത്തരവ്**

കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന്(KPPL) വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ നല്കുമ്പോൾ നിശ്ചയിക്കേണ്ട വില സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ടതും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ളതും ധനകാര്യ, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ടതുമായ കമ്മിറ്റി 03/08/2022-ൽ യോഗം ചേർന്ന് താഴെ പറയുന്ന ശിപാർശകൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

i) KPPL may be given 24,000 MT of Eucalyptus/Acacia Auriculiformis/Acacia Mangium/Bamboo/Reeds in accordance with the Working Plan prescriptions at a rate of Rs. 1,000/MT from Forest Department plantations for the first year which was the rate applied for the erstwhile HNL.

ii) The raw materials, if available, from the earlier captive plantations raised by erstwhile HNL, may also be given to KPPL free of cost.These plantations should have Working Plan prescription for extraction.

iii) The areas where working plan prescriptions are not available, the same may

സ.ഉ.(കൈ) നം.48/2022/F&WLD


be prepared and got approved for extraction.

iv) Necessary agreement may also be executed by KPPL/Industries Department with the KFD before undertaking extraction of raw materials as per Working Plan prescriptions.

2) സർക്കാർ മേൽ ശിപാർശകൾ വിശദമായി പരിശോധിച്ചു. ശിപാർശ (i) ഒരു മെട്രിക് ടണ്ണിന് 1000 രൂപ നിരക്കിൽ എന്നത് 500 രൂപ എന്ന ഭേദഗതിയോടെയും, ശിപാർശ(iii) വർക്കിംഗ് പ്ളാൻ 3 മാസത്തിനകം അംഗീകാരം ലഭ്യമാക്കേണ്ടതാണെന്ന ഭേദഗതിയോടേയും, ശിപാർശ (ii), (iv) എന്നിവ പൂർണ്ണമായി അംഗീകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

സ്പെഷ്യൽ ഓഫീസർ, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കോട്ടയം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം,
തിരുവനന്തപുരം.
പൊതുഭരണ (എസ്. സി) വകുപ്പ് (22/09/2022 തീയതിയിലെ ഇനം 1050 പ്രകാരം)
ധനകാര്യ വകുപ്പ്
വ്യവസായ (ജി) വകുപ്പ്
വെബ് ആന്റ് ന്യൂ മീഡിയ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിന്/ ബഹു.വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന് / ബഹു. ധനകാര്യ വകുപ്പ മന്ത്രിയുടെ ഓഫീസിന്/ ബഹു.വ്യവസായ വകുപ്പ മന്ത്രിയുടെ ഓഫീസിന്/ചീഫ് സെക്രട്ടറിയുടെ ഓഫീസിന്/ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്/ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്/ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസ്സ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ബി2/90/2022/വനം |
| 2 | വകുപ്പ് | വനം വന്യജീവി (ബി) വകുപ്പ് |
| 3 | വിഷയം | കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന് (KPPL) വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുമ്പോൾ ഈടാക്കേണ്ട വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യം, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി യോഗം ചേർന്ന് സമർപ്പിച്ച ശിപാർശകൾ സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 22.06.2022. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. ഉദയകുമാർ എ ആർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ.കെ ആർ ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 12/09/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 12/09/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.കെ.ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12/09/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13/09/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന് (KPPL) വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുമ്പോൾ ഈടാക്കേണ്ട വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യം, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി യോഗം ചേർന്ന് സമർപ്പിച്ച ശിപാർശകൾ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. KPPL-ന്റെ സുഗമമായ പ്രവർത്തനത്തിന് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ സൗജന്യ നിരക്കിൽ അനുവദിക്കണമെന്ന് KPPL, സ്പെഷ്യൽ ഓഫീസർ അപേക്ഷിക്കുകയുണ്ടായി. ഇക്കാര്യം 22/06/2022-ലെ മന്ത്രിസഭാ യോഗം ഇനം നം.865 ആയി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനം എടുക്കുകയുമുണ്ടായി.

1. കുറിപ്പിലെ നിർദ്ദേശം ചർച്ച ചെയ്തു. M/s കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് നൽകുന്ന തടിയുടെ വിലനിർണ്ണയം പിന്നീട് തീരുമാനിക്കാമെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

2. ഇതിനാവശ്യമായ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ വനം വകുപ്പ് സ്വീകരിക്കേണ്ടതാണ്.

3. തടിയുടെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേർന്ന് ശിപാർശകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണെന്നും തീരുമാനിച്ചു.

3. മേൽ തീരുമാനപ്രകാരം, 1978 ലെ Kerala Forest Produce (Fixation of Selling Price) Act ലെ സെക്ഷൻ 5 പ്രകാരമുള്ള വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളുടെ നിലവിലുള്ളവില്പന വിലയിൽ നിന്ന് KPPL നെ ഒഴിവാക്കുന്നതിനായി, പ്രസ്തുത Act ലെ സെക്ഷൻ 6 പ്രകാരം SRO No.651/2022 ആയി വിജ്ഞാപനം പുറപ്പെടുവിക്കുകയും കൂടാതെ KPPL ന് 24000 മെട്രിക് ടൺ അസംസ്കൃതവസ്തുക്കൾ അനുവദിച്ചും KPPL ന് അനുവദിക്കേണ്ട തടിയുടെ (വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ) വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ധനകാര്യ, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി രൂപീകരിച്ചും വനം വന്യജീവി (ബി) വകുപ്പ് ഉത്തരവ് (സ.ഉ.(കൈ) നം.37/2022/F&WLD തീയതി 02.07.2022) പുറപ്പെടുവിച്ചു.

4. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യം, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി 03/08/2022-ന് യോഗം ചേരുകയും, താഴെപ്പറയുന്ന ശിപാർശകൾ ചെയ്യുകയുമുണ്ടായി.

i) KPPL may be given 24,000 MT of Eucalyptus/Acacia Auriculiformis/Acacia Mangium/Bamboo/Reeds in accordance with the Working Plan prescriptions at a rate of Rs. 1,000/MT from Forest Department plantations for the first year which was the rate applied for the erstwhile HNL.

ii) The raw materials, if available, from the earlier captive plantations raised by erstwhile HNL, may also be given to KPPL free of cost.These plantations should have Working Plan prescription for extraction.

iii) The areas where working plan prescriptions are not available, the same may be prepared and got approved for extraction.

iv) Necessary agreement may also be executed by KPPL/Industries Department with the KFD before undertaking extraction of raw materials as per Working Plan prescriptions.

5. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"Agreed"

6. പ്രസ്തുത ശിപാർശകൾ 22/06/2022-ലെ ഇനം നം.865 ലുള്ള മന്ത്രിസഭാ യോഗത്തീരുമാന പ്രകാരം മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

**തീരുമാനിക്കേണ്ട വിഷയം**

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യം, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി 03/08/2022-ന് യോഗം ചേർന്ന് നല്കിയ താഴെപ്പറയുന്ന ശിപാർശകൾ അംഗീകരിക്കാവുന്നതാണോ ?

i) KPPL may be given 24,000 MT of Eucalyptus/Acacia Auriculiformis/Acacia Mangium/Bamboo/Reeds in accordance with the Working Plan prescriptions at a rate of Rs. 1,000/MT from Forest Department plantations for the first year which was the rate applied for the erstwhile HNL.

ii) The raw materials, if available, from the earlier captive plantations raised by erstwhile HNL,

may also be given to KPPL free of cost.These plantations should have Working Plan prescription for extraction.

iii) The areas where working plan prescriptions are not available, the same may be prepared and got approved for extraction.

iv) Necessary agreement may also be executed by KPPL/Industries Department with the KFD before undertaking extraction of raw materials as per Working Plan prescriptions.

-------------

117

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-09-2022

ഫയൽ നം. ബി2/90/2022/വനം. ഇനം നം: 1050

വിഷയം : വനം-വന്യജീവി വകുപ്പ് - കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന് (KPPL) വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുമ്പോൾ ഈടാക്കേണ്ട വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യം, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി യോഗം ചേർന്ന് സമർപ്പിച്ച ശിപാർശകൾ - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം താഴെപ്പറയുന്ന ഭേദഗതികളോടുകൂടി അംഗീകരിച്ചു.

i. ഒരു മെട്രിക് ടണ്ണിന് 1000 രൂപ നിരക്കിൽ എന്നത് ഒരു മെട്രിക് ടണ്ണിന് 500 രൂപ നിരക്കിൽ എന്ന ഭേദഗതിയോടെ അംഗീകരിച്ചു.

ii. അംഗീകരിച്ചു.

iii. വർക്കിംഗ് പ്ലാനിന് മൂന്ന് മാസത്തിനകം അംഗീകാരം ലഭ്യമാക്കേണ്ടതാണ് എന്ന ഭേദഗതിയോടെ അംഗീകരിച്ചു.

iv. അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

സ.ഉ.(സാധാ) നം.468/2022/F&WLD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് -കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (KPPL)- 24000 MTവനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ വെട്ടിയെടുക്കുന്നതിനും ഉടമ്പടി കരാറിൽ ഏർപ്പെടുന്നതിനും അനുമതി നല്കി-ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.468/2022/F&WLD തീയതി,തിരുവനന്തപുരം, 03-11-2022

---

പരാമർശം:- 1. സ.ഉ (കൈ) 37/2022/വനം നമ്പർ തീയ്യതി 02/07/2022.
2.സ.ഉ (കൈ) 48/2022/വനം നമ്പർ തീയ്യതി 24/02/2022.
3.പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) - ന്റെ 05.09.2022 ലെ പ്രൊ(4)-246993/22 നമ്പർ കത്ത്.

**ഉത്തരവ്**

KPPL-ന്റെ സുഗമമായ പ്രവർത്തനത്തിനായി 24,000 MT വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ പരാമർശം(1)-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി. എന്നാൽ ടി അസംസ്കൃത വസ്തുക്കൾ KPPL-ന് അനുഭവവേദ്യമാകുന്നതിന് KPPL-മായി കരാറിൽ ഏർപ്പെടേണ്ടതുണ്ടെന്ന് പരാമർശത്തിലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഫോറസ്റ്റ് മാനേജ്മെന്റ്) അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, KPPL മായി കരാറിൽ ഏർപ്പെടുന്നതിന് കാലതാമസം ഉണ്ടാകുമെന്നുള്ളതിനാൽ, KPPL-ന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനായി M/s KPPL - ലും വനം വന്യജീവി വകുപ്പും തമ്മിൽ അന്തിമ കരാർ ഒപ്പുവയ്ക്കുന്നതുവരെ അന്തിമ കരാറിലെ ഉപാധികളും നിബന്ധനകളും പാലിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ, 24000 MT വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച ഒരു മെട്രിക് ടണ്ണിന് 500/- രൂപ (അഞ്ഞൂറ് രൂപ മാത്രം) നിരക്കിൽ വെട്ടിയെടുക്കുന്നതിന് KPPL-ന് അനുമതി

സ.ഉ.(സാധാ) നം.468/2022/F&WLD

നൽകുന്നതിനും, ഒരു ഉടമ്പടി കരാറിൽ ഏർപ്പെടുന്നതിനും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) ന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന്/നിയമവും വ്യവസായവും വകുപ്പ് മന്ത്രിയുടെ ഓഫീസിന്/ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിന്.